കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-6/1379/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 11.12.2018

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെമ്മനാട് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖേന )

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി. 6/1379/2018 തിയ്യതി:11.12.2018

# കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-06-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-11-2018 മുതൽ 01-12-2018വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| കിരൺദാസ്. പി | ഓഡിറ്റ് ഓഫീസർ |
| കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | കല്ലട്ര അബ്ദുൽ ഖാദർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | എം .രവീന്ദ്ര | 01.04.2017 മുതൽ 30.11.2017 വരെ |
| | ഷിനോജ് മാത്യു | 01.12.2017 മുതൽ 15.12.2017 വരെ |
| | ഫാറൂക്ക് .എം .കെ | 16.12.2017 മുതൽ 30.01.2018 വരെ |
| | അനിൽകുമാർ .ടി | 31.01.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.എഞ്ചിനീയർ | ജിഷി. ആർ. | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ. | രേഷ്മ രമേഷ് | 01.04.2017 | 19.07.2017 |
| | ചവന നരസിംഹലു | 20.07.2017 | 03.11.2017FN |
| | ഹസ്ന .എൻ. | 03.11.2017AN | 31.01.2018 |
| | ലേഖ. സി .എസ്. | 01.02.2018 | 31.03.2018 |
| വി.ഇ.ഒ | രാജേഷ് .കെ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ദീപ.ഡി.എച്ച്. | 01.04.2017 | 12.09.2017 |
| | രമണി.എം.വി. | 13.09.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. കായിഞ്ഞി .എം | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ GAD | ഡോ. വോൾഗ | 01..04.2017 | 27.07.2017FN |
| | ഡോ. ഫാത്തിമത്ത് യാസ്മിൻ | 27.07.2017AN | 31.03.2018 |

| | | | |
|---|---|---|---|
| ഹെഡ് മാസ്റ്റർ | സുരേന്ദ്രൻ.കെ | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | അനിൽകുമാർ. ജി | 01.04.2017 | 15.06.2017 |
| | പ്രദീഷ് .എം .കെ (I/C) | 16.06.2017 | 15.12.2017 |
| | ഫാറൂക്ക് .എം. കെ | 16.12.2017 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ..അരുണ .എ .എസ് | 01.04.2017 | 23.07.2017FN |
| | ഡോ.അരുണ .എൻ .വി | 23.07.2017AN | 31.03.2018 |
| ഫിഷറീസ് ഇൻസ്പെക്ടർ | അനിൽകുമാർ.എ.ജി | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെവിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | കെട്ടിട നിർമ്മാണം ക്രമവത്കരണം- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല. | 2-1 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-2 |
| 15 | ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തു നികുതി ചുമത്തി – വസ്തുനികുതിയിനത്തിൽ നഷ്ടം | 2-3 |
| 16 | വസ്തു നികുതി വൻ കുടിശ്ശിക | 2-4 |
| 17 | 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 2-5 |
| 18 | ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 2-6 |
| 19 | ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 2-7 |
| 20 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 2-8 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 21 | നിലവിലുള്ള തെരുവ് വിളക്കുകൾ എ.എം.സി. അടിസ്ഥാനത്തിൽ റിപ്പയർ - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | 3-1 |
| 22 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 3-2 |
| 23 | കുടിവെള്ള വിതരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും | 3-3 |

| | | |
|---|---|---|
| 24 | ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും. | 3-4 |
| 25 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-5 |
| 26 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-6 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- | 3-7 |
| 28 | കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 3-8 |
| 29 | അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി | 3-9 |
| 30 | അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകളിലെ അപാകതകൾ | 3-10 |
| 31 | സ്പോർട്സ് ഉപകരണങ്ങൾ ക്ലബ്ബുകൾ കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 3-11 |
| 32 | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -. മാർഗരേഖാ നിർദേശം പാലിക്കാത്തത് സംബന്ധിച്ച്. | 3-12 |
| 33 | എസ്. സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -മാർഗ്ഗരേഖാ നിർദേശം പാലിക്കാത്തത് സംബന്ധിച്ച്. | 3-13 |
| 34 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -അപാകതകൾ | 3-14 |
| 35 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിതരണം -അപാകതകൾ | 3-15 |
| 36 | സാക്ഷരത- കേരള സംസ്ഥാന ലിറ്ററസി മിഷന് നല്കിയ തുകയുടെ കൈപറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയില്ല | 3-16 |
| 37 | ലൈബ്രറിക്ക് പുസ്തകം വാങ്ങൽ- ബുക്ക്മാർക്കിനു മുൻഗണന നൽകിയില്ല | 3-17 |
| 38 | രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ- അപാകത | 3-18 |
| 39 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ | 3-19 |

| | | |
|---|---|---|
| | അപാകതകൾ | |
| 40 | കാട് വെട്ടി യന്ത്രം വിതരണം -അപാകത | 3-20 |
| 41 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചത്- അപാകതകൾ | 3-21 |
| 42 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 3-22 |
| 43 | പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സംഭവിച്ചിട്ടുള്ള അപാകതകൾ | 3-23 |
| 44 | കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-24 |
| 45 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-25 |
| 46 | പഞ്ചായത്തിൽ ദിവസവേതനക്കാരെ നിയമിക്കൽ- ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. | 3-26 |
| 47 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്,വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണയിക്കേണ്ടതാണ്. | 3-27 |
| 48 | പഞ്ചായത്ത് വക വാഹന ഉപയോഗം : മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച | 3-28 |
| 49 | ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം | 3-29 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 50 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 53 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 54 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 57 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 59 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

30.3.2017 തീയതിയിലെ 01-ാംനമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.പരിഷ്കരിച്ച ബജറ്റ് 26.03.2018 തീയതിയിലെ 1/2തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | തീരുമാനം നം:1 തീയ്യതി:30.03.2017 | തീരുമാനം നമ്പർ1/2 /തീയ്യതി:26.03.2018 |
| മുന്നിരിപ്പ് | 4,77,72,429 | 4,95,87,827 |
| വരവ് | 22,88,98,000 | 22,88,73,000 |
| ആകെ | 27,66,70,429 | 27,84,60,827 |
| ചെലവ് | 23,92,98,500 | 23,77,44,700 |
| നീക്കിയിരിപ്പ് | 3,13,71,929 | 4,07,16,127 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ചതീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 മുതൽ 30.06.2018 വരെ | കെ.എസ്.എ/കെ.എസ്.ഡി.3 /790/2018, തീയ്യതിഃ 03-07-2018. |

ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 6,87,947/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.
2. ദുരിതാശ്വാസ നിധിയിനത്തിൽ 132 രൂപ ബാങ്ക് ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (special fund/sinking fund/ trust or agency fund) ഉൾപ്പടുത്തിയിട്ടില്ല.
3. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
5. താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീ-കൺസിലിയേഷൻ പത്രികകളിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉൾപ്പെടുത്തിക്കാണുന്നു.

| കോഡ് | ബാങ്ക് | A.F.S. പ്രകാരം തുക | 31.03.2018-ലെ നീക്കിയിരിപ്പ് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450210103 | S.B.I.-Perumbala own fund | 17,20,537 | 11,97,194 |
| 450250110 | Perumbala S.C.B(ownfund) | 2,24,10,292 | 2,26,20,206 |

6. State Sponsored Schemes- Pension for Unmarried women aged above 50 ഇനത്തിലെ യഥാർത്ഥ ചെലവ് 6,70,400 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 (code no-160100305) പ്രകാരം ഇത് 4,85,000 രൂപയാണ്. 1,85,400 രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 6,44,56,588 രൂപ |
| വരവ് | 9,11,06,449 രൂപ |
| ആകെ | 15,55,63,037 രൂപ |
| ചെലവ് | 12,13,50,899 രൂപ |
| നീക്കിയിരിപ്പ് | 3,42,12,138 രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് (രൂപയിൽ) | ആകെ (രൂപയിൽ) | ചെലവ് (രൂപയിൽ) | നീക്കി യിരിപ്പ് (രൂപയിൽ) |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | | 0 | 2,81,13,000 | 2,81,13,000 | 2,06,77,670 | 74,35,330 |
| വികസനഫണ്ട്എസ്.സി.പി (ACRപ്രകാരം) | | 0 | 25,02,471 | 25,02,471 | 13,02,333 | 12,00,138 |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 71,971 | 71,971 | 66,748 | 5,223 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 95,48,000 | 95,48,000 | 74,82,520 | 20,65,480 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 58,23,000 | 58,23,000 | 57,29,113 | 93,887 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,68,78,571 | 1,68,78,571 | 1,06,87,709 | 61,90,862 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | 0 | 27,61,970 | 27,61,970 | 26,19,877 | 1,42,093 |
| എം.ജി.എൻ. ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 2,34,52,109 | 2,34,52,109 | 2,34,52,109 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8,201 | 6,58,997 | 6,67,198 | 6,57,528 | 9,670 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | T.S.C. | 1,70,085 | 1,75,732 | 3,45,817 | 0 | 3,45,817 |
| | I.C.D.S. | 5,57,803 | 3,20,775 | 8,78,578 | 5,15,136 | 3,63,442 |
| | N.P.R.P.D. | 5,70,000 | 0 | 5,70,000 | 1,20,000 | 4,50,000 |
| | P.Y.C.K.A. | 1,39,238 | 10,376 | 1,49,614 | 0 | 1,49,614 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് | വിമുക്തി ഫണ്ട് | 25,000 | 0 | 25,000 | 0 | 25,000 |
| | ശുചിത്വമിഷൻഫണ്ട് | 8,97,056 | 13,34,944 | 22,32,000 | 0 | 22,32,000 |

| | | | | | | |
|---|---|---|---|---|---|---|
| ചേർക്കുക) | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 25,000 | 25,000 | 25,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 9,38,481 | 7,10,000 | 16,48,481 | 0 | 16,48,481 |
| | ജില്ലാ പഞ്ചായത്ത് | 39,507 | 3,14,000 | 3,53,507 | 39,507 | 3,14,000 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 7,20,000 | 7,20,000 | 7,20,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 0 | 0 | 0 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 5,15,000 | 5,15,000 | 5,15,000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 3,50,39,100 | 3,50,39,100 | 3,50,39,100 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 27,46,800 | 27,46,800 | 27,46,800 | 0 |
| | വിധവാ പെൻഷൻ | 0 | 2,39,92,600 | 2,39,92,600 | 2,39,92,600 | 0 |
| | അവിവാഹിത പെൻഷൻ | 0 | 4,85,000 | 4,85,000 | 4,85,000 | 0 |
| | വികലാംഗ പെൻഷൻ | 0 | 94,65,500 | 94,65,500 | 94,65,500 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 84,360 | 84,360 | 84,360 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,01,16,791 | 1,77,75,867 | 3,78,92,658 | 1,35,94,927 | 2,42,97,731 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 3,94,76,114 | 1,84,55,233 | 5,79,31,347 | 5,40,84,116 | 38,47,231 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | 0 | 0 | 0 |
| | ഗുണഭോക്തൃ വിഹിതം | 60,401 | 14,48,032 | 15,08,433 | 13,19,851 | 1,88,582 |
| | ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 0 | 0 | 0 | 0 |

# 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ 11/17 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി ,നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. .

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 25.05.2017–ലെ 11/17നമ്പർ തീരുമാനപ്രകാരംഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 16 |
| 2 | വികസനം | 14 |
| 3 | ക്ഷേമകാര്യം | 18 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 15 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 4 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 4 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 4 |
| 4 | ദാരിദ്ര്യ ലഘൂകരണം | 4 |
| 5 | പൊതുമരാമത്ത് | 4 |
| 6 | സാമൂഹ്യക്ഷേമം | 4 |
| 7 | പട്ടിക ജാതി വികസനം | 4 |
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 4 |
| 9 | ആരോഗ്യം | 4 |
| 10 | കുടിവെള്ളം ശുചിത്വം | 4 |
| 11 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 4 |
| 12 | മത്സ്യബന്ധനം | 4 |

മോണിറ്ററിംഗ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്

(2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 ത.സ്വ.ഭ.വ. തീയതി 29/3/2017 & എം.എസ്.നം. 10/2017 ത.സ്വ.ഭ.വ. തീയതി: 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 18-01-2017ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം11/7) തീയതി 17-01-2017)ആസൂത്രണ സമിതിയിൽ 12 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 2യോഗങ്ങൾ ചേരുകയുണ്ടായി.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി.ഒ.(എം.എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 4/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 2/2018മാസത്തിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.

മത്സ്യ സഭ

കുറഞ്ഞത് ഇരുപത്തിയഞ്ച് മത്സ്യതൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭയ്ക്കു മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്. ഇത് പ്രകാരം 04.05.2017ന് മത്സ്യ സഭ ചേരുകയുണ്ടായി. ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഊരുക്കൂട്ടം

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഗ്രാമപഞ്ചായത്തിൽ T.S.P.ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടങ്കിലും ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഊരുക്കൂട്ടം ചേർന്നത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യു, അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരംഭിന്നശേഷി വിഭാഗക്കാരുടെ യോഗം ചേർന്നത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ കാണുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച തീയതി മിനുട്സിൽ രേഖപ്പെടുത്തി കാണുന്നില്ല.

വികസന സെമിനാർ -

22-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 162 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ്

ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 25-.05.2017 നാണ് (പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 11/2017)- ജില്ലാ ആസൂത്രണ സമിതി 09.06.2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട് . 26-03-2018 ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 333 |
| പുതിയ പ്രോജക്ടുകൾ | 214 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 119 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

2017-18 സാമ്പത്തിക വർഷം ആകെ 333 പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചെങ്കിലും 206 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 61.86% മാത്രമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 333 | 206 | 5,86,83,366 | -- | 127 | 61.86% |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8,201 | 6,58,997 | 6,67,198 | 6,57,528 | 9,670 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,34,52,109 | 2,34,52,109 | 2,34,52,109 | 0 |
| ആകെ | 8,201 | 2,41,11,106 | 2,41,19,307 | 2,41,09,637 | 9,670 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 84,360 | 171 |
| | കർഷകതൊഴിലാളി പെൻഷൻ | 27,46,800 | 235 |
| | വിധവാ പെൻഷൻ | 2,39,92,600 | 2,028 |
| | വാർദ്ധക്യകാല പെൻഷൻ | 3,50,39,100 | 2,646 |
| | വികലാംഗ പെൻഷൻ | 94,65,500 | 788 |
| | അവിവാഹിത പെൻഷൻ | 4,85,000 | 59 |
| | വിവാഹ ധനസഹായം | 7,20,000 | 24 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2018 തീയതിയിൽ 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7,525/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ-ഓരോദിവസ
ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം-പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല . ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, സ്റ്റാന്റിങ് കമ്മിറ്റിയോഗങ്ങൾ എന്നിവ ചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ-പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി ഉണ്ടാവേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 20.10.2016 മുതൽ 31.10.2016 വരെ | 2010-11 മുതൽ 2015-16 വരെ | 10.01.2017 |
| പെർഫോമെൻസ് ഓഡിറ്റ് | 19.09.2018 മുതൽ 22.09.2018 വരെ | 08/2018 | 22.09.2018 |

## 1-12 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1)എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു. ചില വാർഡുകളിൽ ക്വാറം തികയാതെ ചേർന്നിട്ടുണ്ട്.

2)ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11)വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2)ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3)ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4)ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5)ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണം ക്രമവത്കരണം- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ഈ കാലയളവിൽ കെട്ടിട നിർമ്മാണം ക്രമവത്കരണം (റഗുലറൈസേഷൻ) അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 *(Table 2 substituted by SRO No. 675/2017, w.e.f. 31.10.2017)*അനുസരിച്ച് ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് (ലോഡ്ജിംഗ് ഹൗസുകൾ) ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A2' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.5' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2)(iii) പ്രകാരം ഒന്നിൽ കൂടുതൽ കൈവശ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പരമാവധി അനുവദനീയമായ തറ വിസ്തീർണ്ണാനുപാതവും പരിധിയും പുരയിടത്തിന് 0.5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണവുമുണ്ടെങ്കിൽ പട്ടിക 2 (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ലെ യഥാക്രമമുള്ള കൈവശാവകാശ ഗണങ്ങളുടെ കീഴിലുള്ള തറ വിസ്തീർണ്ണാനുപാതത്തിൻറയും പരിധിയുടെയും ശരാശരി മൂല്യമായിരിക്കേണ്ടതാണ്. എന്നാൽ പുരയിട വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും പരിധിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റെ ആയിരിക്കണം. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് നിർമ്മാണ റഗുലറൈസേഷൻ/പെർമിറ്റ് നൽകുമ്പോൾ കാറ്റഗറി ഗണം മാറ്റി അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണം ക്രമവത്കരിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല. കാസർഗോഡ് ജില്ലാ ടൗൺപ്ലാനറുടെ നം-സി.1007/17 എൽ.ഡി.എസ്., തീയ്യതി. 24.11.2017 നം. കത്ത് പ്രകാരം ഈ കെട്ടിടം KPBR 2011 നം, 31.10.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 81/2017/എൽ.എസ്.ജി.ഡി. ഭേദഗതികൾക്കും വിധേയമായി പഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പരിഗണിക്കാതെയാണ് ക്രമവത്കരണം നടത്തിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ഹക്കീം ഹസൻ, S/o ഹസൻ, കളനാട് |
| സർവ്വെ നം & സെന്റ് | 246/1 ലെ 69.68 സെന്റ് (2819.95m2) |
| വില്ലേജ് | കളനാട് |
| പെർമിറ്റ് നം. | BL – 88/15-16 തീയ്യതി.22.09.2015 |
| പെർമിറ്റ് എടുത്ത കെട്ടിടത്തിന്റെ അളവ് | 5074,43 m2 (പ്ലിന്ത് ഏരിയ) |
| ക്രമവത്കരണം തീയ്യതി | 26.04.2018 ( ഫീസ് അടവാക്കിയ തീയ്യതി) |
| ക്രമവത്കരിച്ച കെട്ടിടത്തിന്റെ അളവ് | 5875.24 m2 (പ്ലിന്ത് ഏരിയ) |

കെട്ടിടത്തിൻറ അളവ് -

| കെട്ടിടത്തിന്റെ നിലകൾ | ഫ്ലോർഏരിയ | കെട്ടിടത്തിന്റെ കൂടുതൽ വിശദാംശങ്ങൾ |
|---|---|---|

| | | |
|---|---|---|
| BF | 545.04 m2 | 1106.80 m2(parking), floor area 545.04 m2 |
| GF | 949.79m2 | 1.64 + 13.45 + 33.07 + 169.63 + 288.3 + 121.90 + 8.35 + 25.25 + 42.44 + 96.95 + 28.89 + 8.68 + 1.54 + 34.42 + 31. 30 + 43.98 =949.79m2 |
| FF | 1021.29m2 | Passage- 150.98 m2, flor area= 945.80 + 150.98/2 = 1021.29 ( lift area not included) |
| SF | 1118.58m2 | 17.37 + 891.34 + 49.84 + 91.57 + (144.91/2) = 1050.12+ 72.46 = 1122.7. deduction lift area = 1122.7-(2x2)= 1118.58 m2 |
| TF | 1118.58m2 | 17.37 + 891.34 + 49.84 + 91.57 + (144.91/2) = 1050.12+ 72.46 = 1122.7. deduction lift area = 1122.7-(2x2)= 1118.58 m2 |
| Terrace floor | 15.16m2 | 1).2x3.53x6.23=43.98 m2<br>2).2.23x 2.46= 5.49 m2<br>3).(6.25+6.23)/2x(2.16+2.69)/2=6.24x2.43= 15.16m2 |
| Total | 4,768.44m2 | |

കെട്ടിടത്തിന്റെ തരം- ലോഡ്ജിംഗ് കെട്ടിടം A2

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 4768.44 / 2819.95= 1.69

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.5 x 2819.95= 4229.925 m2

ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 2819.95m2= 6344.89 m2 ആണ്.

ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം = 4768.44 – 4229.925 = 538.515

അധിക നിർമ്മാണം - 538.515 m2 .

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 26,92,575/- രൂപ (538.515 x 5,000 = 26,92,575/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കാതെ 32,730 രൂപ( റസീത് നം& തീയ്യതി- 26.04.2018) ക്രമവത്കരണ ഫീസ് മാത്രം ഈടാക്കി കെട്ടിടം ക്രമവത്കരണം ചെയ്ത് നല്കുകയാണുണ്ടായത്. എന്നാൽ BA 85/15-16 തീ. 22.09.2015 പ്രകാരം 5074,43m2 കെട്ടിടം നിർമ്മിക്കാൻ പെർമിറ്റ് എടുത്തിരുന്നു. എന്നാൽ കംപ്ലീഷൻ നല്കിയ സമയത്ത് 5875.24m2 കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയാണ് ചെയ്തിട്ടുള്ളത്. അധിക നിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഒരു ച.മീറ്ററിന് 10

രൂപ നിരക്കിൽ (പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി) 8,008രൂപയാണ് (5875.24m2 - 5074.43m2 = 800.81 x 10= 8,008.1) ഈടാക്കേണ്ടിയിരുന്നത്. ഈ കെട്ടിടവുമായി ബന്ധപ്പെട്ട ഈടാക്കേണ്ടിയിരുന്ന ഫീസിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു,

| | |
|---|---|
| അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്ന ഫീസ് | 26,92,575രൂപ |
| ക്രമവത്കരണ ഫീസ് ഒരു ച.മീറ്ററിന് 10 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്നത് | 8,008 രൂപ |
| ആകെ | 27,00,583രൂപ |
| ക്രമവത്കരണ ഫീസ് ഇനത്തിൽ ഈടാക്കിയത് | 32,730 രൂപ |
| കുറവ് വന്ന തുക | 26,67,853രൂപ |

കുറവ് വന്ന 26,67,853 രൂപ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/26.11.2018 -ന് മറുപടി നൽകിയിട്ടില്ല.

## 2-2 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും ക്രമത്തിലും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. (ഉദാ. Pls seeപെർമ്മിറ്റ് രജിസ്റ്റർ പേജ് നം 182).

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും, പേജു നമ്പറും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വന്നിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു.

(6).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ അപാകതകൾക്കും, കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27.11.2018-ന് മറുപടി നൽകിയിട്ടില്ല.

## 2-3 <u>ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തുനികുതി ചുമത്തി- വസ്തുനികുതിയിനത്തിൽ നഷ്ടം</u>

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. എന്ന വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ4-7717/11 തീയ്യതി 22.10.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം അസംബ്ലി, കെട്ടിടം, കൺവെൻഷൻ

സെന്റെർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ സിയറ്റർ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 25 രൂപയാണ്. എന്നാൽ താഴെ വിവരിക്കുന്ന ലോഡ്ജിംഗ് കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു,

ഉടമസ്ഥന്റെ പേര് -- ഹക്കീം ഹസൻ

കെട്ടിട നമ്പർ -- Ward No 16, 355/D7 മുതൽ 355/M9 വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-SF-1118.58M2

TF-1118.58M2

നികുതി പ്രാബല്യത്തിൽ വന്ന തീയ്യതി- 01.04.2017 ( അസസ്സ് മെന്റ് തീയ്യതി- 23.10.2017)

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| S.F- 1118.58 M2 | 25 X 1,118.58= 27,964.5 | 20%= 5,592.9 | -- | 33,557.4 +LC | 4 X 1,118.58= 4,474.3 | 20%= 894.86 | -- | 5,369.16+ LC | 28,188.24 +LC |
| T.F-1118.58 M2 | 25 X 1,118.58= 27,964.5 | 20%= 5,592.9 | -- | 33,557.4 +LC | 4 X 1,118.58 = 4,474.3 | 20%= 894.86 | -- | 5,369.16+ LC | 28,188.24 +LC |
| ആകെ | | | | | | | | | 56,376.48+LC |

23.10.2017 -നാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ആയത്കൊണ്ട് ഓഡിറ്റ് വർഷം മുതലാണ് നികുതി അടക്കേണ്ടത്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 56,376.48 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം- 27 /29.11.2018.).

## 2-4 <u>വസ്തു നികുതി വൻ കുടിശ്ശിക.</u>

31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 21,36,863/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 26,44,985 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2017-18 വർഷത്തെ വസ്തുനികുതി വരുമാനം 70,17,819 രൂപയാണെങ്കിലും 49,69,877 രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം- 70.81%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു

നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 4,80,186 രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർത്തപ്രകാരമുള്ള വിവിധ ചെക്കുകൾ എസ്.ബി.ഐ. ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 67383204636 ) വരവ് വന്നതായി കാണുകയുണ്ടായില്ല.

| തീയ്യതി | ചെക്ക് നമ്പർ | തുക | ചെക്ക് മുഖാന്തിരം തുക ഒടുക്കിയ സ്ഥാപനം | പർപ്പസ് |
|---|---|---|---|---|
| 28-02-2018 | 551422 | 59,065 | ടവർ വിഷൻ ഇന്ത്യാ പ്രൈവറ്റഡ് ലിമിറ്റഡ് | വസ്തു നികുതി |
| 08-03-2018 | 554661 | 16,305 | സി.വി.സന്തോഷ് കുമാർ | വസ്തു നികുതി |
| ആകെ | | 75,370 | | |

മേൽ പരാമർശിച്ച ചെക്കുകൾ 2018 ഒക്ടോബർ മാസം 31 വരെയും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കാണുകയുണ്ടായി. മേൽ പരാമർശിച്ച ചെക്കുകൾ നാളിതുവരെയായിട്ടും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ചെക്കുകൾ ബാങ്കിൽ വരവ് വരാതിരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം.6/16-11-2018) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 2-7 ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.

ഡി.&ഒ. ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.25/29-11-2018)

1) ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷത്തെ ഡി.&ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും, അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| പേര് | ലൈസൻസ് നൽകിയ ആവശ്യം | ഡി.&ഒ.ലൈസൻസ് അപേക്ഷപ്രകാരമുള്ള ഒരു ദിവസത്തെ വിറ്റ് വരവ് | ഈടാക്കേണ്ട ഡി.&ഒ. ലൈസൻസ് ഫീസ് | ഈടാക്കിയ ഡി.&ഒ. ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| ദീപ നാഗരാജ് IX/14/ | പെട്രോളിയം ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് | 6,00,000 | 4,000 | 2,000 (Rt.No.9580/14-03-2017 | 2,000 |
| മുഹമ്മദ് റഫീഖ് X/612A | പെട്രോളിയം ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് | 3,00,000 | 4,000 | 2,000 (Rt.No.10799/28-03-2017 | 2,000 |
| സന്ദീപ് കളരി X/938D | ട്രാവൽ ഏജൻസി | 30,000 | 500 | 200 Rt.No.11003/19-01-2018 | 300 |
| ആകെ | | | | | 4,300 |

കുറവ് വന്ന തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്. (29-11-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ഹാജരാക്കിയിട്ടില്ല )

ഡി. & ഒ. ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന അക്ഷയ സെന്റർ സ്ഥാപനങ്ങളിൽ നിന്നും ഡി.&ഒ ലൈസൻസ് ഫീ ഈടാക്കാത്തയായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. കൂടാതെ കുഞ്ഞിരാമൻ വാർഡ് നമ്പർ.5/204, എം.നജീബുള്ള വാർഡ് നമ്പർ.5/207, പുഷ്പ.കെ.വാർഡ് നമ്പർ.5/208, പി.ജാനകി അമ്മ വാർഡ് നമ്പർ.23/326, ഇ.നാരായണൻ നായർ.വാർഡ് നമ്പർ.23/327, ബാബു നായർ വാർഡ് നമ്പർ.23/328, കെ.ചന്ദ്രൻ വാർഡ് നമ്പർ.23/331, ആമിന വാർഡ് നമ്പർ.23/333, ബാലചന്ദ്രൻ.പി.എ വാർഡ് നമ്പർ.10/938G, ശശികുമാർ വാർഡ് നമ്പർ.10/938H, ഷൗക്കത്തലി.പി.എ.വാർഡ് നമ്പർ.12/753, ഹാരിസ.എം.വാർഡ് നമ്പർ.15/528D,E എന്നീ കച്ചവടക്കാരിൽ നിന്നും ഡി.&ഒ. ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3)2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ഡി. ആന്റ് ഒ. ലൈസൻസ് ഫീ അപേക്ഷകളിൽ മിക്ക അപേക്ഷകളിലും അപേക്ഷകർ കച്ചവടസ്ഥാപനത്തിൽ നിന്നും ഒരു ദിവസത്തെ വിറ്റു വരവ് തുക രേഖപ്പെടുത്താതെയാണ് മിക്ക അപേക്ഷകൾ സ്വീകരിച്ച് വന്നിട്ടുള്ളത്. അപേക്ഷകർ

സമർപ്പിക്കുന്ന അപേക്ഷകളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കേണ്ടത് എന്നാൽ ഇത്തരത്തിൽ വിറ്റു വരവ് രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതുവഴി യഥാർത്ഥത്തിൽ ലഭിക്കാവുന്ന ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിക്കുവാൻ സാധ്യതയുണ്ട് വിറ്റു വരവ് രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4)ഡി.&ഒ.ലൈസൻസ് അപേക്ഷകൾ അപൂർണ്ണം:2017-18വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിച്ച അപേക്ഷകൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ എന്ന് പരിശോധനയിൽ കാണുകയുണ്ടായി. ഡി.&ഒ. ലൈസൻസ് ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും, ലൈസൻസ് ആവശ്യമായ കെട്ടിടത്തെ/സ്ഥലത്തെയും സംബന്ധിച്ച് ഉണ്ടായിരിക്കേണ്ട 19അടിസ്ഥാന വിവരങ്ങൾ, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷ ലഭിച്ച കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി. & ഒ. ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യുന്നത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനു ലഭിച്ച മിക്കഅപേക്ഷയിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

5.)സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ലൈസൻസ് നൽകിയത്- സർക്കാറിന്റെ 16.3.2007ലെ ജി.ഒ.(പി )795/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം സ്ഥലനാമം രേഖപ്പെടുത്തുകയോ, പ്ലാസ്റ്റിക്ക് ഉപയോഗം സംബന്ധിച്ച സംസ്ഥാന മലിനീകരണബോർഡിന്റെ വ്യവസ്ഥകൾ പാലിക്കുമെന്ന സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാതെയാണ് ഡി.&ഒ. അപേക്ഷകളിൻ മേൽ ലൈസൻസുകൾ നൽകിയിട്ടുള്ളത്. ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-8 <u>തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.</u>

1)2017-18 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് എന്നീമാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുത്താതെയാണ് മിക്ക ജീവനക്കാരുടെയും വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങിയിരിക്കുന്നത്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെകൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.24/29-11-2018)

| ജിവനക്കാരന്റെ പേര് | ഒന്നാം അർദ്ധ വർഷത്തെ അടിസ്ഥാന ശമ്പളം | ഒന്നാം അർദ്ധ വർഷത്തെ ക്ഷാമബത്ത | രണ്ടാം അർദ്ധ വർഷത്തെ അടിസ്ഥാന ശമ്പളം | രണ്ടാം അർദ്ധ വർഷത്തെ ക്ഷാമബത്ത |
|---|---|---|---|---|
| സത്യരജനി. പി, പി.എച്ച്.സി. ചട്ടഞ്ചാൽ | 1,04,500 | 14,630 | 1,05,000 | 14,700 |
| നാരായണ ഭട്ട് .കെ, പി.എച്ച്.സി. ചട്ടഞ്ചാൽ | 71,640 | 10,029 | 72,360 | 10,128 |
| ഷേർലി ആന്റണി, ഗവ.ഹോമിയോ ഡിസ്പെൻസറി, കളനാട് | 16,500 | 2,310 | 16,500 | 2,310 |
| ദാമോദരൻ, ഗവ.ഹോമിയോ ഡിസ്പെൻസറി, കളനാട് | 9,340 | 1,309 | 9,340 | 1,309 |
| ടി.വി.സാവിത്രി, | 99,000 | 13,530 | 1,01,00 | 14,140 |

| | | | | |
|---|---|---|---|---|
| ഗവ.മോഡൽ റസിഡൻഷ്യൽ ഫോർ ഗേൾസ് | | | | |
| ശ്യാമള,<br><br>ഗവ.മോഡൽ റസിഡൻഷ്യൽ ഫോർ ഗേൾസ് | 99,000 | 13,530 | 99,000 | 13,530 |
| രഞ്ജിത്ത് .എസ്,<br><br>ഗവ.മോഡൽ റസിഡൻഷ്യൽ ഫോർ ഗേൾസ് | 1,05,000 | 14,700 | 1,05,000 | 14,700 |
| ഷീന.ടി.ബി,<br><br>ജി. എച്ച്. എസ്. എസ്. ചെമ്മനാട് | 1,08,000 | 14,760 | 1,08,800 | 15,120 |

2017-18 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തിൽ ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് എന്നിവയിലൂടെ ലഭിക്കുന്ന വരുമാനവും കൂടി കണക്കാക്കിയാൽ അർദ്ധവർഷത്തെ ആകെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുകയും അതുവഴി നികുതി ഈടാക്കുന്നതിലും വർദ്ധനവ് ഉണ്ടാകുമായിരുന്നു. ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് കണകാക്കാത്തെ വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

2)സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്, സുരഭി ഇൻഡസ്ട്രീസ് ചട്ടഞ്ചാൽ, കൊവ്വൽ സോ മില്ല്, പോപ്പുലർ വെഹിക്കിൾസ് ചെമ്മനാട്, ചട്ടഞ്ചാൽ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി, മാവേലി സ്റ്റോർ കോളിയടുക്കം, ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ഓഡിറ്റോറിയങ്ങൾ, കളനാട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

3)അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ(i)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച്കൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ പതിനാറ് അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

4)തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ വ്യാപാരികളുടെയും കമ്പനികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

2017-18 വർഷത്തെ തൊഴിൽ നികുതി പിരിവ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴവൻ വ്യാപാരികളുടെയും കമ്പനികളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ച കാണുന്നില്ല. നിലവിൽ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററിലാണ് ചേർത്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ

വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിലവിലുള്ള തെരുവ് വിളക്കുകൾ എ എം സി അടിസ്ഥാനത്തിൽ റിപ്പയർ - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ.

പഞ്ചായത്ത് പ്രദേശത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടിയാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. 2016-17 ലെ പ്രോജക്ട് പൂർത്തീകരണത്തിനായി 2017-18 ൽ തുടരുകയായിരുന്നു. ഈ പ്രോജക്ട് നടത്തിപ്പിനായി തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാധങ്ങൾ വാങ്ങുന്നതിനുവേണ്ടി ക്ഷണിച്ച ടെണ്ടറിൽ മൂന്ന് കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ കുറവ് രേഖപ്പെടുത്തിയ അബ്ദുൾ ഹമീദ്, സീനിയർ ഇലക്ട്രിക്കൽസ്, കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. അംഗീകരിച്ച കരാറുകാരൻ വിതരണം ചെയ്ത സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു,

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തെരുവ് വിളക്കുകൾക്ക് എ. എം.സി, SO.04/17-18

അടങ്കൽ- 6,00,000 രൂപ

ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

| ക്ര.നം. | ഇനം | തുക (ടാക്സടക്കം) | എണ്ണം/അളവ് | ബില്ല് നം. |
|---|---|---|---|---|
| 1 | ലൈറ്റ്ഡിപ്പെൻഡഡ് റെസിസ്റ്റൻസ് | 18,000 | 600 | 3069/ 30.06.2017, സീനിയർ ഇലക്ട്രിക്കൽസ്, കാസർഗോഡ് |
| 2 | സർക്ക്യൂട്ട് ബോർഡ് | 75,000 | 200 | |
| 3 | 11 വാട്ട് 4 പിൻ CFL | 1,36,000 | 2,000 | 2467/30.06.2017, സീനിയർ ഇലക്ട്രിക്കൽസ്, കാസർഗോഡ് |
| 4 | വയർ- 2.4 മില്ലി മീറ്റർ അലുമിനിയം | 7,500 | 450 മീറ്റർ | |
| ആകെ | | 2,36,500 | | |

മുകളിൽ വിവരിച്ച സാധനങ്ങൾ വിതരണം ചെയ്തതിന് 2,36,500 രൂപ (ബില്ല്നം.4/തീയ്യതി:17.08.2017) വിതരണക്കാരന് നല്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനു വേണ്ടി വിളിച്ച ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ കുറവ് രേഖപ്പെടുത്തിയ അൻവർ, കെ.എ, എന്നയാളുടെ ടെണ്ടറാണ് അംഗീകരിച്ചത്. ഒരു ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് 70 രൂപയാണ് അൻവർ കെ.എ. ക്വാട്ട് ചെയ്തിരുന്നത്.

ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർമ്മാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 489 ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയതിന് ഒന്നിന് 70 രൂപ നിരക്കിൽ 34,230 രൂപ (ബില്ല് നം. 11/ തീയ്യതി: 09.01.2018) അൻവർ കെ.എ., യ്ക്ക് നല്കിയിട്ടുണ്ട്.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ട അപാകതകൾ താഴെ വിവരിക്കുന്നു,

1) പ്രോജക്ടിന്റെ ഭാഗമായി 489 ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി എന്നാണ് കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങിയത് കൂടുതൽ അളവിലാണ്. CFL തന്നെ 2,000 എണ്ണമാണ് വാങ്ങിയിട്ടുള്ളത്. അധികം വാങ്ങിയ സാധനസാമഗ്രികളുടെ നിലവിലെ വിവരം ഫയലിൽ വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

2)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ജി-2/44274/15 ഉത്തരവു പ്രകാരം അടാട്ട് മാതൃകയിലുള്ള തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് തെരുവു വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കലും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറെ നിശ്ചയിക്കേണ്ടതാണ്. പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതും മെയിന്റനൻസ് ടീമിന് (കരാറുകാരന്) കൈമാറേണ്ടതുമാണ്. പരാതി പരിഹരിച്ചത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അറ്റകുറ്റപ്പണികൾ സംബന്ധിച്ച് കെഎസ്ഇബി അധികൃതരെ അറിയിക്കേണ്ടതും രേഖാമൂലമായി അനുവാദം ലഭ്യമാക്കേണ്ടതുമാണ്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സർവീസ് ചെയ്യാൻ സാധിക്കാത്ത ഉപകരണങ്ങൾ തിരികെ അൺസർവീസബിൾ സ്റ്റോക്ക് ആയി ഉൾപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ആയത് ക്രമീകരിക്കേണ്ടതുമാണ്. മേൽ പ്രോജക്ടിന്റെ നടത്തിപ്പിൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

3)വാർഡ് മെമ്പർമാർ ആകെ 489 ലൈറ്റുകൾ നന്നാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര വിളക്കുകൾ നന്നാക്കി എന്നോ ആയതിന് ഓരോന്നിനും ഏതൊക്കെ സാധനങ്ങൾ മാറ്റിയെന്നോ ഉള്ള ക്ലെയിം ബിൽ കരാറുകാരൻ നൽകിയിട്ടില്ല.

4)തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 2017- 18 വർഷം മുതൽ വാങ്ങിയ തെരുവ് വിളക്കുകളുടെ കണക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോഴും, റിപ്പയർ ചെയ്യുമ്പോഴും ഇലക്ട്രിക് പോസ്റ്റ് നമ്പർ കാണിക്കാഞ്ഞതിനാൽ തൊട്ട് മുൻവർഷം സ്ഥാപിച്ച പോസ്റ്റുകളിലെ വിളക്കുകൾ തന്നെയാണോ എ എം സി പ്രകാരം നന്നാക്കിയതെന്ന് വ്യക്തമല്ല.

5)വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം- 28 /30.11.2018-ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവഴിച്ച 2,36,500 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A)സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- SO. 01/ / 17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഫണ്ടിനം-തനത് ഫണ്ട്

തുക- 4,48,540 രൂപ (വൗച്ചർ നം- 21700267/ തീയ്യതി. 12.07.2017)

പഞ്ചായത്ത് പ്രദേശത്തെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട്

രൂപീകരിച്ചത്. 2016-17 ലെ പ്രോജക്റ്റ് പൂർത്തീകരണത്തിനായി 2017-18 ൽ തുടരുകയായിരുന്നു. ഈ പ്രോജക്റ്റ് നടത്തിപ്പിനായി തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി ക്ഷണിച്ച ടെണ്ടറിൽ മൂന്ന് കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ കുറവ് രേഖപ്പെടുത്തിയ അബ്ദുൾ ഹമീദ്, സീനിയർ ഇലക്ട്രിക്കൽസ്, കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ലൈറ്റൊന്നിന് 820 രൂപ നിരക്കിൽ 547 സെറ്റിന് 4,48,540 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

B)സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- 136/17-18

ഫണ്ടിനം-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പ്രൊജക്റ്റ് S.O.136/18 പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം 9,99,700 രൂപ ചെലവഴിച്ചത്(ട്രഷറി ബിൽ 18/28-03-2018). പുതുതായി വാങ്ങിയ 650 തെരുവ് വിളക്കുകളുടെ വിലയും ആയതിന് ആവശ്യമായ ഇൻസ്റ്റലേഷൻ ചാർജ്ജും KREWS ന് നൽകിയിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ വിളക്കുകൾ സ്ഥാപിച്ചിതിന്റെ വിവരമോ ആയത് പ്രകാരം വൈദ്യുതി ചാർജിനുണ്ടായ മാറ്റം, സ്ഥാപനത്തിന്റെ സാക്ഷ്യപത്രം എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ.ഉ.(എം.എസ്.) നം. 80/2017/ ത.സ്വ.ഭ.വ. തീ 03.04.2017 ഖ. 12.8. 2 ൽ എൽ.ഇ.ഡി. ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്, ആയതിനാൽ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും 2017-18 വർഷത്തിൽ വാങ്ങിയതിൽ 650 എണ്ണം സി.എഫ്.എൽ. വിളക്കുകൾ ആണ്. സർക്കാർ ഉത്തരവ് (എം. എസ്.) 1093/2017 ത.സ്വ.ഭ.വ. തി. 05.04.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ KREWS ന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL)പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

നികുതിയും, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടില്ല.

KREWS ന് നൽകിയ തുകയിലെ ഇൻസ്റ്റലേഷൻ ചാർജ്ജിൽ നിന്നും താഴെ പറയും പ്രകാരം വരുമാന നികുതിയും കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും ഈടാക്കേണ്ടിയിരുന്നു. എന്നാൽ ആയവ ഈടാക്കിയിട്ടില്ല.

വരുമാന നികുതി @1%x 97,500= 975

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1%x 97,500= 975

മേൽ പരാമർശിച്ച രണ്ട് പ്രോജക്റ്റുകളുടെയും നടത്തിപ്പിൽ താഴെ പറയുന്ന പൊതുവായ അപാകതകളുണ്ടായി.

1. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ. സാങ്കേതിക അനുമതി വാങ്ങുകയോ, സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്തു വകുപ്പിന്റെ വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും 20 വാട്ട് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമായിരുന്നു പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സ്ഥാപിച്ച ലൈറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ, അംഗീകരിച്ച നിരക്ക് (അധികമാണോ/കുറവാണോ എന്നത്) സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അതുപോലെ, ക്ഷമതയുള്ള ഒരു എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിലല്ല പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹിച്ച പ്രവൃത്തി ആരും അളവെടുത്തിട്ടില്ല. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത

ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം തട്ടിച്ചു നോക്കുന്നതിന് ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നുള്ള സാങ്കേതികാനുമതി (സ്പെസിഫിക്കേഷൻ) ഇല്ലാതിരുന്നതിനാൽ വിലയും, വാറണ്ടിയും മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഇത് മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനമാണ്.

<u>2.കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.</u>

എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുളളത് ചട്ടഞ്ചാൽ, ചെമ്മനാട് ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലുള്ള ഇലക്ട്രിക്പോസ്റ്റുകളിലാണ്. ഒരു ലൈറ്റിന് 820 രൂപ നിരക്കിൽ ഇൻസ്റ്റാൾ ചെയ്യാനുള്ള ചെലവുൾപ്പെയാണ് സീനിയർ ഇലക്ട്രിക്കൽസ്, കാസർഗോഡിന് നൽകിയിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി. സബ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു. K.S.E.B യിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും K.S.E.B. യുടെ അനുമതിയോടുകൂടി മാത്രമേ നടത്താവൂ എന്ന് പവ്വർ ഡിപ്പാർട്ട് മെൻെറിൻെറ സ.ഉ (എം.എസ്.)13/1997/23.03.1997 പ്രകാരം നിർദ്ദേശിച്ചിട്ടുളളതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

3)547 സെറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 4,48,540 രൂപയും, 650 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 9,99,700 രൂപയും ചെലവഴിച്ചെങ്കിലും ഇവ സ്ഥാപിച്ചതായി മോണിട്ടറിംഗ് സമിതിയോ, കെ.എസ്.ഇ.ബി. യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മെമ്പർമാർ ലഭ്യമാക്കിയിട്ടുള്ള പൂർത്തീകരണ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുള്ളത്. വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല.

4)നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള (വിളക്കിൻെറ തരം സഹിതം)ഇലടിക് പോസ്റ്റുകൾ (നമ്പർ സഹിതം) സംബന്ധിച്ച വിവരം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ സ്റ്റാറ്റസ് റിപ്പോർട്ട് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച വികസന സ്റ്റാൻറിങ് കമ്മറ്റി, വർക്കിങ് ഗ്രൂപ്പ് എന്നിവയുടെ രേഖകൾ പരിശോധിച്ചതിൽ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെയാണ് വർക്കിങ് ഗ്രൂപ്പ് പദ്ധതി രൂപീകരണം നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് - (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ വ്യക്തമായി എത്ര തെരുവ് വിളക്കുകൾ കത്തുന്നുണ്ടെന്നോ ഇനി എത്ര എണ്ണം ആവശ്യമുണ്ടെന്നോ ചർച്ച ചെയ്തിട്ടില്ല.

5) ഇലക്ട്രികൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ഇല്ല.

ഇലക്ട്രിക് കോൺട്രാക്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ഇലക്ട്രിക്കൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. തെരുവ് വിളക്ക് സ്ഥാപിച്ച മേൽ സ്ഥാപനങ്ങളുടെ പരാമർശിത ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും യോഗ്യത പരിശോധിക്കാതെയാണ് പ്രവൃത്തി ഏൽപ്പിച്ചത് എന്ന് കാണുന്നു.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/30.11.2018. -ന് മറുപടി നൽകിയിട്ടില്ല. ചെലവുതുക 14,48,240/- രൂപ (4,48,540 രൂപ +9,99,700 രൂപ )ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 <u>കുടിവെള്ള വിതരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും</u>

വൗച്ചർ നം.21700528/09.10.2017 – 2,44,530/- രൂപ.

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയതിന് മേൽ വൗച്ചർ പ്രകാരം ആകെ 2,44,530/- രൂപ. രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1)ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമല്ല.

കുടിവെള്ളവിതരണം പ്രവർത്തിക്കായി 03.05.2017 ലെ നം.എ-3-4054/2017 പ്രകാരം ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ പരസ്യ പ്രകാരം 12.05.2017- ന് ഉച്ചയ്ക്ക് ഒരു മണി വരെ ടെണ്ടർ സ്വീകരിക്കുന്നതാണെന്നും അതേ ദിവസം ഉച്ചയ്ക്ക് രണ്ട് മണിക്ക് ടെണ്ടർ തുറക്കുന്നതാണെന്നും പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ യാതൊരു കാരണവുമില്ലാതെ ടെണ്ടർ തുറക്കുന്ന ദിവസം തന്നെ റീ-ടെണ്ടർ ചെയ്യുകയാണുണ്ടായത് (നം.എ-3-4054/2017 തീയ്യതി. 12.05.2017). ടെണ്ടർ സമർപ്പിക്കാൻ ദിവസം ബാക്കി നിൽക്കെ റീ ടെണ്ടർ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

2)ടെണ്ടർ ക്ഷണിക്കുന്നതിനു മുമ്പെ കരാറിലേർപ്പെട്ടു.

ഈ പ്രവർത്തിക്കായി ആദ്യ ടെണ്ടർ ക്ഷണിക്കുന്നത് 03.05.2017- നാണ് എന്നാൽ കുടിവെള്ളം വിതരണം ചെയ്ത കരാറുകാരനായ ശ്രീ.അബ്ദുൾ ഹമീദുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ ഒപ്പിട്ടിരിക്കുന്നത് 17.04.2017-ന് നാണ്. അതായത് ടെണ്ടർ ക്ഷണിക്കുന്നതിനു മുമ്പെ എഗ്രിമെന്റ് നിലവിൽ വന്നു എന്നു കാണുന്നു. (ഉടമ്പടി നമ്പർ 2/2017-18 തീയ്യതി. 17.04.2017).

3)കോൺട്രാക്ടറുടെ കൃത്യനിർവ്വഹണം കാര്യക്ഷമമയി മോണിറ്റർ ചെയ്യാതെ പ്രതിഫലം നൽകി.

ഒരു വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ഒരേ സമയത്തും, പുലർച്ചെ മുതൽ രാത്രി വരെ വിവിധ സമയങ്ങളിലും കുടിവെള്ള വിതരണം നടത്തും എന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ എ.ഡി.എസ്, ഗുണഭോക്താക്കൾ, വാർഡ് മെമ്പർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു മോണിറ്ററിംഗ് സംവിധാനത്തിന്റെ നിരന്തര മേൽനോട്ടത്തിൽ മാത്രമെ കോൺട്രാക്ടറുടെ പ്രവൃത്തി നിർവ്വഹണം കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യാൻ സാധ്യമാകുമായിരുന്നുള്ളൂ. എന്നാൽ ഇതിനു പകരം മെമ്പർമാർ മാത്രമാണ് കുടിവെള്ള വിതരണം മോണിറ്റർ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, മെമ്പർമാരുടെ തനിച്ചുള്ള മോണിറ്ററിംഗ് ഇക്കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമമാകുക സാധ്യമല്ല. ഈ സാഹചര്യത്തിൽ, കുടുംബശ്രീ പോലുള്ള പൊതു സംവിധാനങ്ങളുടെയും, യഥാർത്ഥ ഗുണഭോക്താക്കളുടെയും മോണിറ്ററിംഗ് ഇല്ലാതെ/സാക്ഷ്യപത്രം ലഭ്യമാക്കാതെ, മെമ്പർമാരുടെ മാത്രം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത് ക്രമപ്രകാരമല്ല.

4)മോട്ടോർ സൈക്കിളിൽ കോൺട്രാക്ടർ കുടിവെള്ളം വിതരണം ചെയ്തതായി കാണുന്നു

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ താഴെ പറയും പ്രകാരം 3 വാഹനത്തിലാണ് കോൺട്രാക്ടർ വെള്ളം വിതരണം ചെയ്തതായി കാണിച്ചിട്ടുള്ളത്. വാഹനത്തിന്റെ വിവരം താഴെ കൊടുക്കുന്നു,

| വാഹന നമ്പർ | ട്രിപ്പുകളുടെ എണ്ണം | ട്രിപ് ഷീറ്റുകൾ പ്രകാരം വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് | കരാറുകാരന് നല്കിയ തുക | മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് രേഖകൾ പ്രകാരം വണ്ടിയുടെ വിവരം |
|---|---|---|---|---|
| KL-60-7808 | 85 | 3,40,000 ലിറ്റർ | 85,000 | MOTOR CYCLE |

| | | | | |
|---|---|---|---|---|
| KL-13M-968 | 77 | 3,08,000 ലിറ്റർ | 77,000 | LMV- GOODS CARRIER TRUCK |
| KL-13P-4175 | 85 | 3,40,000 ലിറ്റർ | 85,000 | LMV- GOODS CARRIER TRUCK |
| ആകെ | | | 2,47,000 | |

മോട്ടോർ സൈക്കിളിൽ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്തതായി കാണിച്ച് 85,000 രൂപ കൈപ്പറ്റിയത് എങ്ങനെയെന്ന് വ്യക്തമല്ല. കൂടാതെ മറ്റ് രണ്ട് വണ്ടികളും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് രേഖകൾ പ്രകാരം 3000 cc -യിൽ താഴെ വരുന്ന വണ്ടികളാണ്. ഇത്തരം വണ്ടികളിൽ ഒരു ട്രിപ്പിൽ 4,000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കഴിഞ്ഞോ എന്നതും സംശയാസ്പദമാണ്. ടാങ്കുകളുടെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്തതിനാലാണ് ഇക്കാര്യത്തിൽ മേൽപ്പറഞ്ഞ അവ്യക്തത വന്നിട്ടുള്ളത് എന്ന് കാണുന്നു.

<u>4)ഓരോ യാത്രക്കും ട്രിപ്ഷീറ്റുകൾ സമർപ്പിച്ചിട്ടില്ല. ട്രിപ്പ് ഷീറ്റുകളിൽ സമയം രേഖപ്പെടുത്തിയിട്ടില്ല.</u>

കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ, മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവുംനടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. ഇപ്രകാരമുള്ള ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത് ക്രമപ്രകാരമല്ല.

മോട്ടോർ സൈക്കിളിൽ കോൺട്രാക്ടർവെള്ളം വിതരണം ചെയ്തതായി ട്രിപ്പ് ഷീറ്റ് സമർപ്പിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മോട്ടോർ സൈക്കിളിൽ കുടിവെള്ള വിതരണം ചെയ്തതിന് ചെലവഴിച്ച 85,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം- 30/01.12.2018-ന് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിന് ചെലവവിച്ച ബാക്കി തുകയായ 1,62,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും.</u>

2017-18സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണം - സെക്രട്ടറി

| സീ.നം. | പ്രോജക്ടിന്റെ പേരും നമ്പറും | ചെക്ക്നമ്പർ/ വൗച്ചർ നമ്പർ | തുക | വാങ്ങിയസാധനങ്ങളുടെ വിവരം | വിതരണ സ്ഥാപനം |
|---|---|---|---|---|---|
| 1 | പഞ്ചായത്തിന് കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ്, ഫോട്ടോകോപ്പി മെഷ്യൻ വാങ്ങൽ.pro | 21700492/ 19.09.2017 | 4,91,140 | ലാപ്ടോപ്പ്- 2 എണ്ണം,<br>കമ്പ്യൂട്ടർ- 4 എണ്ണം,<br>പ്രിന്റർ- 2 എണ്ണം, | കെൽട്രോൺ, കോഴിക്കോട്. |

| | | | | | |
|---|---|---|---|---|---|
| | no-SO003/18 | | | ഫോട്ടോകോപ്പി മെഷ്യൻ- 2 എണ്ണം. | |
| 2 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- pro. no-SO135/18 | 21700710/ 05.12.2017 | 4,37,065 | കമ്പ്യൂട്ടർ- 7 എണ്ണം, Hykon 5 KVA – UPS-1 എണ്ണം. | ENIAC SYSTEMS, കാസർഗോഡ്. |
| ആകെ | | | 9,28,205 | | |

1) കെൽട്രോണിൽ നിന്നും ടെണ്ടർ നടപടി കൂടാതെയാണ് കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ്, ഫോട്ടോകോപ്പി മെഷ്യൻ എന്നിവ വാങ്ങിയത്. ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തീയ്യതി: 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

2)പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- എന്ന പ്രൊജക്ടിൽ ടെൻഡർ ഷെഡ്യൂളിൽ 3 വർഷ വാറന്റി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വ്യവസ്ഥ വെച്ച് കരാർ ചമച്ചിട്ടില്ല. കൂടാതെ കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് അതിന്റെ വാറന്റി മുതലായവ രേഖപ്പെടുത്തിയിട്ടില്ല, കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല.

3)സാധനങ്ങൾ വാങ്ങുന്നതിനായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ്, കമ്പോളത്തിലെ തത്തുല്യമായ ഉൽപ്പന്നം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ/തത്തുല്യ ഉൽപ്പന്നത്തിന്റെ കമ്പോള വില എന്നിവ പരിഗണിച്ച് വേണം വാങ്ങേണ്ടത്. ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ്, ന്യൂഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകുന്നുണ്ട്. പർച്ചേസിംഗ് ഓഫീസർമാർക്ക് മേൽ നിരക്ക് ലാഭകരമാണെങ്കിൽ മാത്രമേ ഉൽപ്പന്നങ്ങൾ വാങ്ങാവൂ. ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും കംമ്പ്യൂട്ടറുകളുടെ കമ്പോള വില നിലവാരം പരിശോധിക്കാതെയുമാണ് രണ്ട് പ്രോജക്ടുകളിലും നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേയ്സ് നടത്തിയത്.

4)സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.

5)2017-18 വർഷം തദ്ദേശസ്ഥാപനത്തിന്റെ ആവശ്യകത കണക്കാക്കിയാണോ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് എന്നത് വ്യക്തമല്ല. പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി മുൻ വർഷങ്ങളിലും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2012-13 | 5,42,500 |
| 2013-14 | 1,47,664 |
| 2014-15 | 1,01,500 + 1,68,450 |
| 2015-16 | 25,920 |

മുകളിൽ വിവരിച്ച പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നടത്തുന്ന വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/01.12.2018-ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 9,28,205/- രൂപയുടെ (4,91,140+4,37,065) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ.(പി)7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷനും ആയതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ കോൺട്രിബ്യൂട്ടറി പെൻഷനും അടവാക്കി വിശദ വിവരം അറിയിക്കേണ്ടതാണ്.

## 3-6 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.ക.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന

ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ കീഴൂർ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി. ചട്ടഞ്ചാൽ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി, കളനാട് എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-7 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 2017-18, വർഷത്തിൽ പഞ്ചായത്തിൽ നിന്നും കാസർഗോഡ് എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയരക്ടർക്ക് നല്കിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു

| വർഷം | പ്രൊജക്റ്റ് നമ്പർ | ബിൽ നമ്പർ/ തീയതി | തുക | എസ്.എൽ. ബി. പി ഡെപ്യൂട്ടി ഡയരക്ടറുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|---|---|
| 2017-18, | S.148/17-18 | 3/2017-18തീയതി 25.01.2018 | 3,75,000 | 25.01.2018 |

പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും പദ്ധതി നടപ്പിലാക്കിയതിന്റെ പ്രോഗ്രസ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല.ആയതിനാൽ ചെലവ് തുക 3,75,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.വിനിയോഗസാക്ഷ്യപത്രവും പദ്ധതി നടത്തിപ്പിന്റെ പ്രോഗ്രസ് റിപ്പോർട്ടും ഹാജരാക്കി 3,75,000/-രൂപയുടെ തടസം ഒഴിവാക്കേണ്ടതാണ്.

## 3-8 കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദന ശേഷിയുള്ള പശു, എരുമ, ആട്, കോഴി തുടങ്ങിയ വളർത്തു മൃഗങ്ങൾ/വളർത്തു പക്ഷികൾ ഏതൊക്കെയാണ് എന്നതിനെ കുറിച്ചും അവ എവിടെ നിന്നും ലഭ്യമാകും എന്നതിനെ കുറിച്ചും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററനറി സർജൻ ഒരു പഠനം നടത്തേണ്ടതും ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് സൂക്ഷിച്ചതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഉരുക്കളെ വാങ്ങലുകൾ നടത്തുമ്പോൾ സഹായകരമാകുന്ന ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-9 അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | അംഗനവാടി പോഷകാഹാരം, (S.O,128/2017-2018) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്രവൈസർ |

കുടുംബശ്രീ സ്ഥാപനമായ രുചി അമൃതം സപ്ളിമെന്റ് യൂണിറ്റ് ,കാട്ടിപ്പൊയിൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. G.O.(M.S.)No. 1450/2018 L.S.G.D, dtd: 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി.എസ്.ടി. 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ല് പ്രകാരം അധിക നിരക്കിൽ (18%) ജി.എസ്.ടി. നൽകിയത് മൂലം 15,834 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം./ ചെക്ക് നം.& തീയ്യതി. തുക | ഇൻവോയ്സ് നം. | ന്യൂട്രി മിക്സിന്റെ വില | അനുവദിച്ച നികുതി (18%) | നികുതി അടക്കം ന്യൂട്രിമിക്സിന് നല്കിയ വില | അനുവദി ക്കാവുന്ന നികുതി (5% ) | നികുതി അനുവദി ച്ചതിൽ അധികം |
|---|---|---|---|---|---|---|
| 10/17-18,തീയ്യതി 10.01.2018.ബിൽ തുകRs.1,65242 | 07/ 26.12.2017 | 1,21,800 | 21,924 | 1,43,724 | 6,090 | 21,924-6,090 =15,834രൂപ |

ജി.എസ്.ടി. ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഈ വിഷയം ഓഡിറ്റ് എൻക്വയറി മുഖാന്തിരം അറിയിച്ചതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥ 15,834രൂപ 03.12.2018ന് വികസനഫണ്ടിലേക്ക് ചലാൻ മുഖാന്തിരം തിരിച്ചടച്ചിട്ടുണ്ട്)

## 3-10 അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല . വിശദവിവരം

ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ പേര്,പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ വിവരണം | ബിൽനമ്പർ/തീയതി/ ചെലവ് തുക | ബിൽതുക ചെലവഴിച്ചത് സംബന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | പട്ടികജാതി വിഭാഗങ്ങളിലെ വൃദ്ധർക്ക് കട്ടിൽ വിതരണം -പ്രൊജക്റ്റ് നമ്പർ 130/2017-18- | പട്ടികജാതി വിഭാഗങ്ങളിലെ 58വൃദ്ധർക്ക് കട്ടിൽ58കട്ടിൽ വാങ്ങി വിതരണം ചെയ്യൽ | ബിൽനമ്പർ5/2017-18 തീയതി28.03.2018ബിൽതുക 2,52,242രൂപ(വികസന ഫണ്ട് (S.C.P.) | 2,52,242 രൂപSIDCO വിൽ നിന്നും58കട്ടിൽ വാങ്ങുന്നതിനായി നല്കി | കട്ടിൽ കൈപ്പറ്റിയ 58ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല |
| 2 | പട്ടികജാതി വിഭാഗങ്ങളിലെ വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ -പ്രൊജക്റ്റ് നമ്പർ 139/2017-18- | പട്ടികജാതി വിഭാഗങ്ങളിലെ വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ നല്കൽ | ബിൽനമ്പർ8/2017-18 തീയതി28.03.2018ബിൽതുക 75,000രൂപ (വികസനഫണ്ട്S.C.P.) അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റുകൾ പ്രകാരം ആനുകൂല്യങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു. | 75,000 രൂപ കെൽട്രോണിൽ നിന്നും ഒരു സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങുന്നതിനായി നല്കി | സ്കൂട്ടർ വിത്ത് സൈഡ് വീൽ കൈപ്പറ്റിയ ഗുണഭോക്താക്താവ് പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | പട്ടികജാതി വിഭാഗങ്ങളിൽ<br>പെട്ടവർക്ക് കുടിവെള്ള ടാങ്ക് വിതരണം -പ്രൊജക്റ്റ് നമ്പർ 139/2017-18 | പട്ടികജാതി വിഭാഗങ്ങളിൽ<br>പെട്ട80പേർക്ക് കുടിവെള്ള ടാങ്കുവിതരണം | ബിൽനമ്പർ6/2017-18 തീയതി28.03.2018 ബിൽതുക 1,01,600രൂപ + ബിൽനമ്പർ 4/2017-18തീയതി 28.03.2018 ബിൽതുക33,600രൂപ<br>ആകെ=1,35,200രൂപ<br>(വികസന ഫണ്ട്S.C.P.) | 135200രൂപടെണ്ടർ പ്രകാരം 80 പേർക്ക് കുടിവെള്ള ടാങ്ക് വാങ്ങിയ ഇനത്തിൽ സെയ്സർ പോളിമേർസ്, അയ്യൻകുന്നു,തൃശ്ശൂർ എന്നസ്ഥാപനത്തിന് നല്കി | കുടിവെള്ള ടാങ്ക് കൈപ്പറ്റിയ80 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല |

ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ മേൽ പ്രൊജക്റ്റുകൾ പ്രകാരം ചെലവഴിച്ച 4,62,442രൂപ,(2,52,242രൂപ+ 75,000രൂ+ 1,35,200രൂപ )ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-11 സ്പോർട്സ് ഉപകരണങ്ങൾ ക്ലബ്ബുകൾ കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 286 /17-18 |
| പ്രൊജക്റ്റിന്റെ പേര് | ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നല്കൽ |
| ചെക്ക് നമ്പർ | 25449 തീയ്യതി 28.03.2018 |
| അടങ്കൽ | 1,00,000 രൂപ (തനത് ഫണ്ട് ) |
| ചെലവ് തുക | 42,000രൂപ (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, തെക്കീൽ വെസ്റ്റ് |

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന വിവിധ ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നല്കുക എന്നതാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം താഴെ പറയുന്ന സ്പോർട്സ് ഉപകരണങ്ങൾ സയന്റിഫിക് സൊല്യൂഷൻ,ചിത്താരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ ചെക്ക് പ്രകാരം പിൻവലിച്ച 42,000രൂപ നല്കിയിട്ടുണ്ട്. വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളും അവയുടെ നികുതി ഉൾപ്പെടെയുള്ള വിലയും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്പോർട്സ് ഉപകരണങ്ങൾ | എണ്ണം | നിരക്ക് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| 1 | കാരംബോർഡ് സെറ്റ് | 8 | 2,000 | 16,000 |
| 2 | ക്രിക്കറ്റ കിറ്റ് (ബേറ്റ്- 2 ,സ്റ്റംമ്പ് -6,ബോൾ -3 ) | 9 | 2,000 | 18,000 |

| | | | | |
|---|---|---|---|---|
| 3 | ഷട്ടിൽ കിറ്റ്(ബേറ്റ്-2,ഷട്ടിൽനെറ്റ് -1 ,കോക്ക് -2) | 2 | 2,000 | 4,000 |
| 4 | ഫുട്ബോൾ സെറ്റ് (ഫുട്ബോൾ -3 ) | 1 | 2,000 | 2,000 |
| 5 | വോളിബോൾ സെറ്റ്(വോളിബോൾ-3 ,വോളിബോൾ നെറ്റ് -1 ) | 1 | 2,000 | 2,000 |
| ആകെ | | | | 42,000 |

എന്നാൽ മേൽ പറഞ്ഞ സ്പോർട്സ് ഉപകരണങ്ങൾ വിവിധ ക്ലബ്ബുകൾക്ക് വിതരണം .ചെയ്തതും ക്ലബുകൾ ആയത് കൈപ്പറ്റിയതുമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ച 42,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.സ്പോർട്സ് ഉപകരണങ്ങൾ വിവിധ ക്ലബ്ബുകൾക്ക് വിതരണം. ചെയ്തതും ക്ലബുകൾ ആയത് കൈപ്പറ്റിയതുമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -. മാർഗരേഖാ നിർദേശം പാലിക്കാത്തത് സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 297 /17-18 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| ബിൽ നമ്പർ | 4/17-18 തീയ്യതി 28.02.2018 |
| അടങ്കൽ | 40,000 രൂപ (ടി.എസ്.പി. ഫണ്ട് ) |
| ചെലവ് തുക | 36,873രൂപ (ടി.എസ്.പി. ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, തെക്കീൽ വെസ്റ്റ് |

പട്ടികവർഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്റ്റീൽ കസേരയും സ്റ്റീൽ മേശയുംവാങ്ങിവിതരണം ചെയ്യുക എന്നതാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം 8 പേർക്ക് 8 സ്റ്റീൽ കസേരയും, 8 സ്റ്റീൽ മേശയും കാഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 8 കസേരയ്ക്കും മേശയ്ക്കും കൂടി ആകെ 36,873രൂപ രൂപ കാഡ്കോ , കോഴിക്കോട് എന്ന സ്ഥാപനത്തിന് നല്കുകയുണ്ടായി. ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ.(എം.എസ്. )80/17ത.സ്വ.ഭ.വ. തീ 03/04/2017 ഖണ്ഡിക 11(8) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്

1.)ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട് .ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികവർഗ വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2.)സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കേണ്ടത്. എന്നാൽ കസേരയുംമേശയും കൈപ്പറ്റിയ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണ് എന്ന

സാക്ഷ്യപത്രം സ്കൂൾ അധികൃതർ നല്കിയതായി കാണുന്നില്ല.

മാത്രവുമല്ല കസേരയും മേശയും കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികവർഗ വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ ചെലവ് തുകയായ 36,873 രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -. മാർഗരേഖാ നിർദേശം പാലിക്കാത്തത് സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 289 /17-18 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| ബിൽ നമ്പർ | 6/17-18 തീയ്യതി 28.02.2018 |
| അടങ്കൽ | 2,00,000 രൂപ (എസ്.സി.പി.) |
| ചെലവ് തുക | 1,98,191രൂപ (എസ്.സി.പി.) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്., തെക്കീൽ വെസ്റ്റ് |

പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് സ്റ്റീൽ കസേരയും സ്റ്റീൽ മേശയുംവാങ്ങിവിതരണം ചെയ്യുക എന്നതാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്.ഇത് പ്രകാരം 32 പേർക്ക് 32സ്റ്റീൽ കസേരയും, 32സ്റ്റീൽ മേശയും കാഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 32 കസേരയ്ക്കും 32 മേശയ്ക്കും കൂടി ആകെ ആകെ 1,98,191 രൂപ കാഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിന് നല്കുകയുണ്ടായി.ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷിക പദ്ധതി മാർഗരേഖ സ.ഉ.(എം.എസ്.)80/17ത.സ്വ.ഭ.വ. തീ 03/04/2017 ഖണ്ഡിക 11(8) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്

1.)ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട് .ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികജാതി വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട് .എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.
2.)സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കേണ്ടത്. എന്നാൽ കസേരയുംമേശയും കൈപ്പറ്റിയ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണ് എന്ന സാക്ഷ്യപത്രം സ്കൂൾ അധികൃതർ നല്കിയതായി കാണുന്നില്ല.

മാത്രവുമല്ല കസേരയുംമേശയും കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.ഈ സാഹചര്യത്തിൽ ചെലവ് തുകയായ 1,98,191 രൂപ രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 296 /17-18 |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| ബിൽ നമ്പർ | 7/17-18 തീയ്യതി 28.02.2018 |
| അടങ്കൽ | 30,000 രൂപ (ടി.എസ്. പി. ഫണ്ട് ) |
| ചെലവ് തുക | 29,875രൂപ (ടി.എസ്.പി. ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്,തെക്കീൽ വെസ്റ്റ് |

പട്ടികവർഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിവിതരണം ചെയ്യുക എന്നതാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം താഴെ പറയുന്ന 5 പേർക്ക് തോട്ടത്തിൽ എന്റർപ്രൈസസ് കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി മേൽ ബിൽ പ്രകാരമുള്ള 29,875 രൂപ രൂപ തോട്ടത്തിൽ എന്റർപ്രൈസസ് കാസർഗോഡ് എന്ന സ്ഥാപനത്തിന് നല്കുകയുണ്ടായി.

| ക്രമ നമ്പർ | സൈക്കിൾ ലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | നിഷിത, പുത്തരിയടുക്കം |
| 2 | വിബിൻ. പി, വടക്കേപള്ളം |
| 3 | വടക്കരമ്യ രാമചന്ദ്രൻ |
| 4 | മനീഷ, ബിട്ടിക്കൽ |
| 5 | അഞ്ജന, പുത്തരിയടുക്കം |

ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷിക പദ്ധതി മാർഗരേഖ സ.ഉ.(എം.എസ്.)80/17ത.സ്വ.ഭ.വ. തീ 03/04/2017 ഖണ്ഡിക 11(8) പ്രകാരം മേൽ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്

1) ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട്. ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികവർഗ വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2) 8, 9, 10 ക്ലാസിൽ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്കാണ് മേൽ മാർഗരേഖ പ്രകാരം സൈക്കിൾ വാങ്ങി നല്കാവുന്നത്. സ്കൂൾ അധികൃതർ 8, 9, 10 ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് എന്ന് സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കേണ്ടത്. എന്നാൽ സൈക്കിൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ 8, 9, 10 ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് എന്ന സാക്ഷ്യപത്രം സ്കൂൾ അധികൃതർ നല്കിയതായി കാണുന്നില്ല.

മാത്രവുമല്ല കസേരയും മേശയും കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികവർഗ വിഭാഗത്തിൽ പെടുന്നവരാണ് എന്ന തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ

29,875 രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിതരണം -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 293 /17-18 |
| പ്രൊജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിതരണം |
| ബിൽ നമ്പർ | 5/17-18 തീയ്യതി 28.02.2018 |
| അടങ്കൽ | 1,00,000 രൂപ (വികസനഫണ്ട് എസ്.സി.പി. ) |
| ചെലവ് തുക | 1,00,000രൂപ (വികസനഫണ്ട് എസ്.സി. പി. ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, തെക്കീൽ വെസ്റ്റ് |

പട്ടിക ജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിവിതരണം ചെയ്യുക എന്നതാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം താഴെ പറയുന്ന 4 പേർക്ക് ഏനിയാക്ക് സിസ്റ്റം, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 4 ലാപ് ടോപ്പും 4 ലാപ് ടോപ്പ് ബാഗും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി മേൽ ബിൽ പ്രകാരമുള്ള 1,00,000 രൂപ ഏനിയാക്ക് സിസ്റ്റം കാസർഗോഡ് എന്ന സ്ഥാപനത്തിന് നല്കുകയുണ്ടായി.

| ക്രമ നമ്പർ | ലാപ് ടോപ്പും ലാപ് ടോപ്പ് ബാഗുംലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | അജിത്ത് .സി, S/O. ചന്ദ്രൻപണിക്കർ |
| 2 | അരുൺകുമാർ, S/O. നാരായണൻ |
| 3 | പ്രസീത .ആർ, D/O. രവി |
| 4 | ശ്രീശാന്ത, S/O. നാരായണൻ |

ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷിക പദ്ധതി മാർഗരേഖ സ.ഉ.(എം.എസ്. )80/17ത.സ്വ.ഭ.വ. തീ 03/04/2017 ഖണ്ഡിക 11(8) പ്രകാരം മേൽ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്

1) ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട്. ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികജാതി വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2 ) ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ ), എഞ്ചിനീയറിങ്ങ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് മേൽ മാർഗരേഖ പ്രകാരം ലാപ്ടോപ്പ് വാങ്ങി നല്കാവുന്നത്. എന്നാൽ ലാപ്ടോപ്പും ലാപ്ടോപ്പ് ബാഗും ലഭിച്ച മേൽ ഗുണഭോക്താക്കളിൽ ശ്രീശാന്തി S/O. നാരായണൻ എന്ന ഗുണഭോക്താവ് മേൽ പ്രതിപാദിച്ച വിദ്യഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിയാണ് എന്നത് തെളിയിക്കുന്ന രേഖ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മാത്രവുമല്ല ലാപ്പ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്ന തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 1,00,000രൂപ

ഓഡിറ്റിൽ തടസ്സപെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 സാക്ഷരത- കേരള സംസ്ഥാന ലിറ്ററസി മിഷന് നല്കിയ തുകയുടെ കൈപറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തുടർ സാക്ഷരത- |
| പ്രൊജക്റ്റ് നമ്പർ | 278/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | ₹50,000 തനത് ഫണ്ട് |
| ചെലവ് | ₹48,100, തനത് ഫണ്ട് |
| ചെക്ക് നമ്പർ/തീയ്യതി | 025389/21-12-2017 |

മേൽ പദ്ധതിയുടെ ഭാഗമായി സാക്ഷരത- SSLCതുല്യതാ കോഴ്സ് പരീക്ഷ ഫീ ഇനത്തിൽ 26 പഠിതാക്കളുടെ പരീക്ഷാഫീസിനത്തിൽ ( 26x1,850= 48,100,) ₹48,100,കേരള സംസ്ഥാന ലിറ്ററസി മിഷന് നല്കുന്നതിനായി തനത് ഫണ്ടിൽ നിന്നും മേൽ കാണിച്ച ചെക്ക് പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കേരള സംസ്ഥാന ലിറ്ററസി മിഷന് ലഭിച്ചത് സംബന്ധിച്ച കൈപറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ ₹48,100 ഓഡിറ്റിൽ തടസ്സപെടുത്തുന്നു. തുക കേരള സംസ്ഥാന ലിറ്ററസി മിഷന് ലഭിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 ലൈബ്രറിക്ക് പുസ്തകം വാങ്ങൽ- ബുക്ക്മാർക്കിനു മുൻഗണന നൽകിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 287 /17-18 |
| പ്രൊജക്റ്റിന്റെ പേര് | അംഗീകൃത ലൈബ്രറിക്ക് പത്രം,പുസ്തകം വിതരണം |
| ചെക്ക് നമ്പർ | 025493 തീയ്യതി 27.03.2018 =41,600രൂപ |
| | 025396 തീയ്യതി 23.12.2017=1,73,798രൂപ |
| | 025397തീയ്യതി 23.12.2017=22,800രൂപ |
| | ആകെ=2,38,198 രൂപ |
| അടങ്കൽ | 2,50,000 രൂപ (തനത് ഫണ്ട് ) |
| ചെലവ് തുക | 2,38,198രൂപ (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, തെക്കീൽ വെസ്റ്റ് |

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന 8 അംഗീകൃത ലൈബ്രറികളിൽ ഓരോന്നിനും 4,800 രൂപയുടെ വർത്തമാനപത്രവും 20,000 രൂപയുടെ ലൈബ്രറി പുസ്തകവും ഒരു വർഷത്തേക്ക് നല്കുക എന്നതും ഗ്രാമ പഞ്ചായത്ത് ലൈബ്രറിക്ക് 20,000 രൂപയുടെ ലൈബ്രറി പുസ്തകവും നല്കുക എന്നതുമാണ് മേൽ പ്രൊജക്റ്റ് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ആകെ ചെലവ് തുകയായ 2,38,198 രൂപ യിൽ 38,400 രൂപ വർത്തമാനപത്രം വാങ്ങുന്നതിനും 1,99,798രൂപ ലൈബ്രറി പുസ്തകം വാങ്ങുന്നതിനും വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ 1,99,798 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത് മാതൃഭൂമി ബുക്സ്, കറന്റ് ബുക്സ്, ദേശാഭിമാനി ബുക്സ്, ഹരിതം ബുക്സ്, വിദ്യ ബുക്സ് എന്നിവയിൽ നിന്നുമാണ്.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവശ്യാവശ്യമായ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിനു മുൻഗണന നൽകേണ്ടതാണെന്നും ബുക്ക് മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറത്ത് നിന്നും വാങ്ങാവൂ എന്ന തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ നിർദേശം ഇവിടെ പാലിക്കാത്തതായി കാണുന്നു. (സർക്കുലർ നം.38156/ഡിഎ2/12/തസ്വഭവ തീ.05.09.2012, സർക്കുലർ നം.117217/ഡിഎ2/15/ത.സ്വ.ഭ.വ. തീ.13.02.2015). ഇത് ശരിയായ നടപടിയല്ല. തുടർന്നങ്ങോട്ട് പുസ്തകങ്ങൾ വാങ്ങുമ്പോൾ മേൽ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-18 രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ- അപാകത

| | |
|---|---|
| പ്രോജക്ട് നം. | 260/2017-18 |
| പ്രോജക്ടിന്റെ പേര് | രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് തുക | 1,12,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 16/2017-18 തീയതി 27-02-2018 -1,05,000<br>20/2017-18 തീയതി 24-03-2018 –7,000 |

മേൽ പദ്ധതി പ്രകാരം രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ 224 തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനായി 1,12,000/രൂപ കൃഷി ഓഫീസർ ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുക രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റിയ ഇനത്തിൽ 62 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക തെങ്ങുകളുടെ ഉടമസ്ഥരായ താഴെപ്പറയുന്ന 17കർഷകർക്ക് ലഭിച്ചത് സംബന്ധിച്ച കൈപ്പറ്റ് രശീതികൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11.01.2016 സബ്സിഡി മാർഗരേഖ അനുസരിച്ച് നാമ മാത്ര കർഷകർക്ക് മാത്രമാണ് ഈ സബ്സിഡിക്ക് അർഹതയുള്ളത്. മാത്രവുമല്ല ഈ പദ്ധതി സബ്സിഡി മാർഗരേഖ അനുസരിച്ച് ഗ്രൂപ്പായി ആനുകൂല്യം നല്കാവുന്ന ഒന്നല്ല. പദ്ധതി പ്രകാരം മുറിച്ചുമാറ്റിയത് നാമ മാത്ര കർഷകരുടെ തെങ്ങുകൾ തന്നെയാണോ എന്നത് സംബന്ധിച്ചുള്ള തെളിവുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. കൈപ്പറ്റ് രശീതികൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത് ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | രോഗം ബാധിച്ച് മുറിച്ച് മാറ്റിയ തെങ്ങുകളുടെ എണ്ണം | കൈപ്പറ്റിയ തുക ( 500 രൂപ പ്രകാരം) |
|---|---|---|---|---|
| 1 | പി.അബ്ദുൾ ഹമീദ് | IV | 4 | 2,000 |
| 2 | ഫാത്തിമ്മത്ത് തംഷീറ | IV | 7 | 3,500 |
| 3 | വി.കൃഷ്ണൻ നായർ | XII | 4 | 2,000 |
| 4 | പത്മനാഭ റാവു.സി.എച്ച്. | XVIII | 3 | 1,500 |

| | | | | |
|---|---|---|---|---|
| 5 | കെ.കൃഷ്ണൻ | XVI | 3 | 1,500 |
| 6 | ഗുരുദത്തൻ | XXIII | 1 | 500 |
| 7 | കെ.കുഞ്ഞമ്പുനായർ | VIII | 4 | 2,000 |
| 8 | ബാലകൃഷ്ണൻ നായർ.എം. | XXII | 4 | 2,000 |
| 9 | ടി.മോഹനൻനായർ | XVII | 9 | 4,500 |
| 10 | കമലാക്ഷി.വി | XVII | 10 | 5,000 |
| 11 | മോഹനൻ.പി | XII | 3 | 1,500 |
| 12 | അഡാർ കുഞ്ഞിഅമ്മ | VI | 4 | 2,000 |
| 13 | ടി.ദാമോദരൻ | III | 2 | 1,000 |
| 14 | എം.നാരായണൻ നായർ | XVII | 6 | 3,000 |
| 15 | ലീല.എ | VII | 2 | 1,000 |
| 16 | എം.ബീഫാത്തിമ്മ | V | 5 | 2,500 |
| 17 | എ.മുഹമ്മദാലി | VI | 2 | 1,000 |
| | | | ആകെ | 36,500 |

മേൽ പദ്ധതി പ്രകാരം രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ തുക കൈപ്പറ്റിയ 17 ഗുണഭോക്താക്കളുടെ തുക കൈപ്പറ്റിയ കൈപ്പറ്റ് രശീതികൾ ഓഡിറ്റിന് ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് (ഇതിന് ഓഡിറ്റ് എൻക്വയറി നം.20/28-11.2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-19 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു. ന്യൂനതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുവാനും ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രൊജക്ട് വിശദാംശം | ട്രഷറി ബിൽ നം. | തുക |
|---|---|---|
| പ്രൊജക്ട് നം. 218/17-18 തെങ്ങ് കൃഷിക്ക് ജൈവവളം | 2/13-10-2017 | 8,07,805 |
| | 7/15-01-2018 | 4,44,060 |
| | 12/18-01-2018 | 62,280 |
| | 21/24-03-2018 | 28,850 |
| പ്രൊജക്ട് നം. 222/17-18 കവുങ്ങ് കൃഷിക്ക് ജൈവവളം | 4/30-10-2017 | 5,01,920 |
| | 10/18-01-2018 | 13,860 |
| | 23/24-03-2018 | 1,37,390 |
| പ്രൊജക്ട് നം. 227/17-18 നെൽ കൃഷിക്ക് കൂലി ചെലവ് | 3/30-10-2017 | 4,25,000 |
| | ബ്ലോക്ക് വിഹിതം | 4,25,000 |
| പ്രൊജക്ട്നം. 235/17-18 നേന്ത്രവാഴക്കന്ന് വിതരണം | 15/24-02-2018 | 2,00,000 |
| പ്രൊജക്ട് നം.238/17-18 സമഗ്ര പച്ചക്കറി വികസനം(വനിത) | 19/21-03-2018 | 1,18,400 |
| | 22/24-03-2018 | 90,000 |
| | മറ്റുള്ളവ | 1,18,401 |
| പ്രൊജക്ട് നം.259/17-18 പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 17/21-03-2018 | 3,85,000 |
| | ബ്ലോക്ക് വിഹിതം | 85,000 |

1) പ്രൊജക്ട് നം. 218/17-18 പ്രകാരം 13,42,995/-രൂപ തെങ്ങ് കൃഷിക്ക് ജൈവവളം നൽകുന്നതിനായും, പ്രൊജക്ട് നം. 222/17-18 പ്രകാരം 6,53,170/-രൂപ കവുങ്ങ് കൃഷിക്ക് ജൈവവളം നൽകുന്നതിനായും, പ്രൊജക്ട് നം. 227/17-18 പ്രകാരം 8,50,000/-രൂപ നെൽ കൃഷിക്ക് കൂലി ചെലവ് നൽകുന്നതിനായും, പ്രൊജക്ട് നം. 235/17-18 പ്രകാരം 2,00,000/--രൂപ നേന്ത്രവാഴക്കന്ന് വിതരണം നൽകുന്നതിനായും, പ്രൊജക്ട് നം. 238/17-18 പ്രകാരം 3,26,801/-രൂപ സമഗ്ര പച്ചക്കറി വികസനത്തിനുവേണ്ടിയും, പ്രൊജക്ട് നം.259/17-18 പ്രകാരം 4,70,000/-രൂപ പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകുന്നതിനായും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കൃഷി ചെയ്തത് ഉറപ്പാക്കുന്നതിനായി പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള കൃഷി ഓഫീസറുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടിയുള്ള സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

2)ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടിയുള്ള സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഇതിന് ഓഡിറ്റ് എൻക്വയറി നം.21/28-11.2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-20 കാട് വെട്ടി യന്ത്രം വിതരണം -അപാകത

| | |
|---|---|
| പ്രോജക്ട് നം. | 253/2017-18 |
| പ്രോജക്ടിന്റെ പേര് | കാട് വെട്ടി യന്ത്രം (വനിതാ ഗ്രൂപ്പ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് തുക | 1,20,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 14/2017-18 തീയതി 18-01-2018 |

മേൽ പദ്ധതി പ്രകാരം കാട് വെട്ടി യന്ത്രം (വനിതാ ഗ്രൂപ്പ് ) വാങ്ങുന്നതിനായി 8 കുടുംബശ്രീ യൂണിറ്റുകൾക്ക് 15,000/-രൂപ നിരക്കിൽ സബ്സിഡിയായി വികസന ഫണ്ടിൽ നിന്നും 1,20,000/-രൂപ ചെലവ് നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ അനുസരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷി ഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കാർഷിക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകാം. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ കാട് വെട്ടി യന്ത്രം കൈപ്പറ്റിയ ധനശ്രീ കുടുംബശ്രീ എന്ന കുടുംബശ്രീ യൂണിറ്റിന്റെ അഫിലിയേഷൻ സാക്ഷ്യപത്രത്തിൽ ധനശ്രീ കുടുംബശ്രീയുടെ രജിസ്റ്റർ നമ്പർ, രജിസ്റ്റർ തീയ്യതി, കുടുംബശ്രീയുടെ പേര്, അഫിലിയേഷൻ നമ്പർ, അഫിലിയേഷൻ തീയ്യതി എന്നിവയിൽ തിരുത്തൽ വരുത്തിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് കോപ്പിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത് . ഈ അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ധനശ്രീ കുടുംബശ്രീയുടെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഇതിന് ഓഡിറ്റ് എൻക്വയറി നം.22/28-11.2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-21 <u>മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചത്- അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെക്ക് നം.4443/27-06-2017 /2,30,000/- രൂപ (വൗച്ചർ നമ്പർ - 21700226)

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013 ലെ 22963/ഡി.സി.1/2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശവർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്ക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലെയും ജനങ്ങളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് തുടങ്ങിയ

പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. മഴക്കാലപൂർവ്വ ശുചീകരണം 2017 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തിലെ 23 വാർഡുകൾക്ക് മേൽ വൗച്ചറുകൾ പ്രകാരം ആകെ 2,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ 2,30,000 രൂപയും ഗ്രാമപഞ്ചായത്ത് ഫണ്ടാണ്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് വേണ്ടി ചെമ്മനാട് പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിൽ തുടങ്ങിയ അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ചട്ടഞ്ചാൽ പി.എച്ച്.സി. യിലെ വിവിധ ജെ.പി.എച്ച്.എൻ. മാരാണ് സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർ. ഈ തുക വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ പല വാർഡുകളിലും തുക ചെലവഴിച്ചിരിക്കുന്നത് ശുചീകരണ പ്രവർത്തനങ്ങൾക്ക് മാത്രമല്ല, എൻ.എച്ച്.എം. ഫണ്ടിൽ നിന്നും, ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ചെയ്യേണ്ട വിവിധ പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ, വാഹനത്തിന് ഡീസൽ നിറക്കൽ എന്നിവയ്ക്ക് വേണ്ടി കൂടിയാണ്. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. ഈ തുക ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | കൺവീനറുടെ പേര് | തുക | ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക | വാഹനത്തിന് ഡീസൽ നിറക്കുന്നതിനു വേണ്ടി, പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ, എന്നിവ നടത്താൻ ചെലവഴിച്ച തുക | ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ച തുക സംബന്ധമായ വിശദവിവരങ്ങൾ |
|---|---|---|---|---|---|
| 1 | കൃഷ്ണകുമാർ | 10,000 | 10,000 | - | - |
| 2 | ജോയ്.എം.പി | 10,000 | 10,000 | - | - |
| 3 | അഭിലാഷ്.ജി | 10,000 | 2,500 | 7,500 | 1)കെവി.പെട്രോളിയം- 5,500(bill No.12265/09-07-2017 (ഡീസൽ)<br>2)ഐശ്വര്യ ഓഫ് സെറ്റ് പ്രിന്റ് കാസർഗോഡ്-2,000 (bill No.050/09-07-2017 (നോട്ടീസ് ) |
| 4 | മാലിനി.ഇ | 10,000 | 8,000 | 2,000 | 1)Delco ചട്ടഞ്ചാൽ- 1,000(bill No-12/20-10-2017)<br>2)Delco ചട്ടഞ്ചാൽ- |

| | | | | | |
|---|---|---|---|---|---|
| | | | | | 1,000(bill No-13/20-10-2017) |
| 5 | അനിത | 10,000 | 10,000 | - | - |
| 6 | അനിത | 10,000 | 7,300 | 2,700 | Silpa എഞ്ചിനിയറിംങ് വർക്ക് -2,700(bill No-238/28-07-2017) IEC ബോർഡ് |
| 7 | ആശാമോൾ | 10,000 | 10,000 | - | - |
| 8 | സുജാത.പി | 10,000 | 10,000 | - | - |
| 9 | സുജാത.പി | 10,000 | 10,000 | - | - |
| 10 | അനുപ്രിയ | 10,000 | 10,000 | - | - |
| 11 | ആശാമോൾ | 10,000 | 10,000 | - | - |
| 12 | അഭിലാഷ്.ജി | 10,000 | 2,000 | 8,000 | 1)കെവി.പെട്രോളിയം-6,000(bill No.12147/01-07-2017 (ഡീസൽ)<br>2)ഐശ്വര്യ ഓഫ് സെറ്റ് പ്രിന്റ് കാസർഗോഡ്-2,000 (bill No.081/25-06-2017 (നോട്ടീസ് ) |
| 13 | കാർത്തിയാണി.പി | 10,000 | 10,000 | - | - |
| 14 | കാർത്തിയാണി.പി | 10,000 | 10,000 | - | - |
| 15 | കൃഷ്ണകുമാർ | 10,000 | 10,000 | - | - |
| 16 | ഹസീന | 10,000 | 10,000 | - | - |
| 17 | ഹസീന | 10,000 | 10,000 | - | - |
| 18 | ശ്യാമള.ടി.എസ് | 10,000 | 10,000 | - | - |
| 19 | വൽസല വിൻസന്റ് | 10,000 | 10,000 | - | - |
| 20 | വൽസല വിൻസന്റ് | 10,000 | 10,000 | - | - |
| 21 | ജോയ് | 10,000 | 10,000 | - | - |
| 22 | കൃഷ്ണകുമാർ | 10,000 | 10,000 | | |
| 23 | മാലിനി | 10,000 | 10,000 | | |
| | ആകെ | 2,30,000 | 2,09,800 | 20,200 | |

ഇതിൽ 20,200/-രൂപ ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ഓരോ വാർഡിലും ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം

| വാർഡ് നമ്പർ | വാർഡുകളിലേക്ക് ചെലവഴിക്കാൻ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 10,000 | 9,936 | 64 |
| 2 | 10,000 | 9,516 | 484 |
| 4 | 10,000 | 8,624 | 1,376 |
| 5 | 10,000 | 9,990 | 10 |
| | 40,000 | 38,066 | 1,934 |

1,934/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ബാക്കിയുണ്ട്. ഇതുപ്രകാരം ആകെ22,134/-രൂപ (20,200+1,934=22,134) എൻ.എച്ച്.എം. ഫണ്ടിൽ നിന്നും ക്രമീകരിച്ച് ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ് അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഇതിന് ഓഡിറ്റ് എൻക്വയറി നം.26/29-11.2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-22 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ.(പി.)30/2016 ഫിൻ. തീ: 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സി.ഇ./ത.സ്വ.ഭ.വ. തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു. ( KCWWF, IT എന്നിവ പിടിച്ചിട്ടുണ്ട്.)

| പ്രൊജക്ടിന്റെ വിശദവിവരം | മൂല്യനിർണ്ണയ തുക | ബിൽ നം, ചെക്ക് നം./തീയതി | മൂല്യനിർണ്ണയ ത്തുകയുടെ 5% |
|---|---|---|---|
| പ്രൊജക്ട് നം.SO.233/17പരവനടുക്കം പുനരധിവാസ സെന്റർ നിർമ്മാണം | 4,62,078(-)(IT 2%-7,242 + KCWWF 1% 4621)= 4,48,215 | 122/17-18/31.03.2018 തുക. 4,52,836 (4,48,215+4,621) | 23,103.9 @ 23,104 രൂപ |

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 23,104/- രൂപ ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയായിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം- 13/27.11.2018-ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 23,104/- രൂപ ഈടാക്കേണ്ടതാണ്.

## 3-23 പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സംഭവിച്ചിട്ടുള്ള അപാകതകൾ

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 239 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 131 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തീ. 29.03.2017-13-ാം പഞ്ചവൽസര പദ്ധതി-പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ പ്രൊജക്ടിന്റെയും പ്രായോഗികത, വിജയസാധ്യത, ഫലപ്രാപ്തി എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫണ്ട് വകയിരുത്തുകയും പ്രൊജക്ട് രൂപീകരിക്കുകയും ചെയ്തതിനു ശേഷം പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടി വരുന്നത് ആശാസ്യമല്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആകെ രണ്ട് തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നത്. ഈ യോഗത്തിൽ മുൻ വർഷത്തിൽ നടപ്പാക്കിയതും തൻവർഷം നടപ്പാക്കേണ്ടതുമായ പ്രൊജക്ടുകളെക്കുറിച്ച് ചർച്ചയൊന്നും നടന്നിട്ടില്ല. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പരിഗണിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിലെ അപാകതകൾ.</u>

ഓഡിറ്റ് വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.
1).മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

2).പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 04.03.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിലുള്ള

നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

3).പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

4).പ്രവൃത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, അച്ഛന്റെ പേര്, ഹാജർ വിവരം, വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല. എന്നു മാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്കതക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5).ജി.ഒ.(പി.)-259 /2010 ത.സ്വ.ഭ.വ. 08-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും, പ്രവൃത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവൃത്തികളിലെല്ലാം അടങ്കലിൽ ഉൾപ്പെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല) ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുകയിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

6).ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ബിൽ തുക അനുവദിക്കേണ്ടത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ്. എന്നാൽ വരവ് ചെലവ് കണക്ക് നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്താത്തതിനാൽ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക സമിതിക്ക് അനുവദിക്കുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുമില്ല.

<u>ടെണ്ടർ നടപടി ക്രമങ്ങൾ; മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല.</u>

2017-18 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിലെല്ലാം രണ്ടു പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചു കാണുന്നത്. (ഇ-ടെണ്ടർ ഒഴികെ). ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ ഒരു പ്രവൃത്തി ഇ-ടെണ്ടർ ചെയ്യപ്പെട്ടതിൽ രണ്ടിൽ കൂടുതൽ ആളുകൾ പങ്കെടുത്തിട്ടുള്ളതായും എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായും കാണുന്നു. ഈ വിവരങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ലെന്ന് വ്യക്തമാവുന്നു. ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും അത് വഴി പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

<u>കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല.</u>

ജി.ഒ. (എം.എസ്.) നം.72/2017/ത.സ്വ.ഭ.വ. തീ.29.03.2017-പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കാനാണ് നിർദ്ദേശമുള്ളത്. എന്നാൽ ഒരു കെട്ടിടത്തിന്റെ വിവിധ ഘടകങ്ങൾക്ക് പ്രത്യകം

പ്രൊജക്ടുകൾ തയ്യാറാക്കുന്നതായാണ് കാണുന്നത്.

റോഡ് കോൺക്രീറ്റിംഗ് കൂടുതലായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് ചെയ്യുന്നുണ്ട്. മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സെലക്ഷൻ നോട്ടീസും കൃത്യമായി നല്കുന്നില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ 2017-18വർഷം നടപ്പിലാക്കിയ വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 11 അംഗൻവാടികളിൽ കുടിവെള്ള സൗകര്യമേർപ്പെടുത്തുന്നതിന് കുഴൽകിണർ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 15,35,000 രൂപ ഭൂജല വകുപ്പ് കാസറഗോഡ് ജില്ലാ ഓഫീസിന് (A/C No 72001140000032) നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| പ്രൊജക്റ്റ് നമ്പർ & ഫണ്ടിനം | പദ്ധതിയുടെ പേര് | ബില്ല് നമ്പർ | നൽകിയ തുക |
|---|---|---|---|
| SO.282/17-18& ധനകാര്യകമ്മീഷൻ ഗ്രാന്റ്. | വിവിധ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | 87/18 തീയതി 27.02.2018 | 15,35,000 |

കുടിവെള്ള സൗകര്യമൊരുക്കേണ്ട 11 അംഗൻവാടികളുടെ വിവരം താഴെ കൊടുക്കുന്നു,

| സീ.നം. | അംഗൻവാടികളുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | അണിഞ്ഞ | 1,50,000 |
| 2 | ചളിയങ്കോട് | 1,60,000 |
| 3 | ചട്ടഞ്ചാൽ | 1,65,000 |

| | | |
|---|---|---|
| 4 | കാടങ്കോട് | 1,80,000 |
| 5 | കളനാട് | 1,60,000 |
| 6 | കോളിയടുക്കം | 1,65,000 |
| 7 | കുണ്ട | 85,000 |
| 8 | മാക്കോട് | 1,30,000 |
| 9 | നെച്ചിപ്പടുപ്പ് | 85,000 |
| 10 | പള്ളത്തിങ്കാൽ | 1,70,000 |
| 11 | വാണിയാർമൂല | 85,000 |
| ആകെ | | 15,35,000 |

എന്നാൽ മേൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.. മേൽ പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 15,35,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.)സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
2.)ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3.)ടെണ്ടർ തുറന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
4,)കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപെടുത്തി തയ്യാറാക്കിയതല്ല.
5.)പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
6.)അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7.)കരാറുകാർക്ക് പ്രവൃത്തി സ്ഥലംകൈമാറിയതിന്റെ രേഖകൾ (Site Hand over) ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ ഇ.7/11350/15/CE/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-26 പഞ്ചായത്തിൽ ദിവസവേതനക്കാരെ നിയമിക്കൽ- ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ വിവിധ തസ്തികയിൽ താൽക്കാലിക ജോലിക്കാരെ നിയമിച്ചതിൻെറ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ പഞ്ചായത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാവൂ.
2. ഇതിനായി തെരെഞ്ഞടുക്കുന്നവരെ പഞ്ചായത്ത് തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ കരാർ ചമച്ച് നിയമിക്കണം.
3. പഞ്ചായത്ത് ഫണ്ട് കൈകാര്യം ചെയ്യുന്ന (ഫ്രണ്ട് ഓഫീസ് ഉൾപ്പെടെ )സീറ്റുകളിൽ ദിവസ വേതനക്കാരെ നിയമിക്കാവുന്നതല്ല.
4. പഞ്ചായത്തിൽ ജീവനക്കാരുടെ കുറവ് ഉള്ള പക്ഷം നിയമപ്രകാരം എംപ്ലോയ്മെൻെറ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ നേരിട്ട് നിയമിക്കാവൂ.
5. താൽകാലിക നിയമനക്കാരെ നിയമിച്ചപ്പോൾ ഉണ്ടാക്കിയ കരാർ ഹാജരാക്കിയിട്ടില്ല.
6. 179 ദിവസത്തിൽ അധികം തുടർച്ചയായി ഒരു ജിവനക്കാരനെ നിയമിക്കാവുന്നതല്ല. തുടർന്ന് പുതിയ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ പുതുക്കിനൽകാവുന്നതാണ് ഇത്തരത്തിൽ പുതുക്കിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.
7. 4/2017 മുതൽ 11/2017 വരെ ദിവസ വേതനക്കാരെ നിയമിച്ചത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു,

| മാസം | വൗച്ചർ നം. | ശമ്പളം ഇനത്തിൽ നല്കിയ തുക |
|---|---|---|
| 4/2017 | 21700017/03.04.2017 | 17,550 |
| | 21700018/03.04.2017 | 16,875 |
| | 21700043/11.04.2017 | 13,000 |
| 5/2017 | 21700077/06.05.2017 | 14,850 |
| | 21700078/06.05.2017 | 14,850 |
| 6-2017 | 21700173/01.06.2017 | 16,900 |
| | 21700174/01.06.2017 | 16,900 |
| 7/2017 | 21700242/01.07.2017 | 15,525 |
| | 21700243/01.07.2017 | 16,200 |
| 8/2017 | 21700350/01.08.2017 | 16,875 |
| | 21700351/01.08.2017 | 16,200 |
| | 21700419/29.08.2017 | 18,225 |
| | 21700420/28.08.2017 | 18,225 |
| 10/2017 | 21700519/03.10.2017 | 17,125 |
| | 21700535/09.10.2017 | 11,475 |

| | | |
|---|---|---|
| | 21700536/09.10.2017 | 11,475 |
| 11/2017 | 21700618/01.11.2017 | 15,525 |
| | 21700614/01.11.2017 | 1,350 |

സർക്കാർ അനുമതി ലഭ്യമാക്കാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതനത്തിന് ജീവനക്കാരെ നിയമിച്ചത് ക്രമപ്രകാരമല്ല (ഇവരുമായി കരാർ ചമയ്ക്കുകയോ, തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല).നിലവിൽ പഞ്ചായത്തിൽ വിവിധ തസ്തികകളിൽ ഓഡിറ്റ് വർഷം ഒഴിവ് ഇല്ലാതിരുന്നിട്ടും 2 മുതൽ 4 വരെ പേരെ നിയമിച്ചിട്ടുള്ളതായി രേഖകളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പരിശോധന നടത്തി സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് മാത്രം ജീവനക്കാരെ നിയമിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് പാലിച്ച് ദിവസ വേതനക്കാരെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-27 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണയിക്കേണ്ടതാണ്.

I. ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. സ.ഉ.(സാ)1275/2009/ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 64,750/-രൂപ (ഒരു വർഷം 7,77,000 രൂപ. അതായത് 5,250വീതം 148 ടാപ്പുകൾക്ക്) ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല .

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.
2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണയിക്കേണ്ടതുമാണ്.

II. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസത്തിൽ 3 സെക്ഷനുകളിലായി 99,886/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല :

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം,ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ.
2. KSEBയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

നിലവിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ്.

## 3-28 പഞ്ചായത്ത് വക വാഹന ഉപയോഗം : മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ

കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്ത് വക KL14-U-3470 നമ്പറിലുള്ള ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിററിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്.)170/07/ത.സ്വ.ഭ.വ./30.06.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന എല്ലാവർഷവും കൃത്യസമയത്ത് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.
2. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 22.05.2017-ന ശേഷം ഓഡിററ് തീയതി വരെ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്ത ആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പല ദിവസങ്ങളിലെയും യാത്രകൾ ബന്ധപ്പെട്ട വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: 10.07.2017 ലെ യാത്ര, 14.09.2017 ലെ യാത്ര, 08.07.2017 ലെ AE-യുടെ യാത്ര, 17.07.2017 ലെ സെക്രട്ടറിയുടെ യാത്ര മുതലായവ.
4. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
5. ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.- മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണം. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ലെന്ന് മാത്രമല്ല, ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-29 ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി.ഒ. (എം.എസ്.)72/2017 ത.സ്വ.ഭ.വ. തി: 29-03-2017 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തി രേഖപ്പെടുത്തുകയും പൂർത്തീകരണ പത്രം തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഭാവിയിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജെക്ടുകളുടെ നിർവ്വഹണം പൂർത്തിയായാൽ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സമയ ബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വർക്കിങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായോ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നതായോ

ചെയ്തതായി കാണുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, കാസർഗോഡ് | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | 87/2017-18 തീയതി 27.02.2018 | 15,35,000 | ഇല്ല | 15,35,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

-ഇല്ല-

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |

| | |
|---|---|
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 1,844 | ജിഷി ആർ, അസി. എഞ്ചിനിയർ | 117010100894/ 29.04.2017 |
| ആകെ | | 1,844 | | |

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക. നം. | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2009-10,2010-11 (3.24) | വർഷം 2014-15 , ഖണ്ഡിക നം.6.13 | തൊഴിലുറപ്പ് പദ്ധതിയിലെ കിണർ നിർമാണം | ബഹു:നിയമസഭസമിതിക്ക് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2005-06, 2006-07 ഖണ്ഡിക 3-4, 3-8 | 2010-11 | KSEB ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുവാൻ കാലതാമസം | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി ബഹു:നിയമസഭസമിതിക്ക് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| അവലോകന റിപ്പോർട്ട് | 2013-14 അവലോകന റിപ്പോർട്ട് ഖണ്ഡിക 5.1.5.8 5.1.5.11 | മഴവെള്ള സംഭരണി-ചെലവ് പാഴായി. കുടിവെള്ള പദ്ധതി പൂർത്തിയാക്കാത്തത് | തൽസ്ഥിതി തുടരുന്നു. |
| 2014-15 ഖണ്ഡിക 2-1, | 2016-17 | തൊഴിൽ നികുതി | തൽസ്ഥിതി തുടരുന്നു. |

| | | | |
|---|---|---|---|
| 2-2, 2-3 | അനുബന്ധം-4 | | |

## 4-8 ചാർജ് / സർചാർജ് നടപടി വഴി ഈടാക്കിയ തുക

1)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

2)സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,11,06,449 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,13,50,899 |
| വരവിനങ്ങളിലുള്ള നഷ്ടം | 27,24,229 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,08,104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56,02,426 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 26,67,853 | - | അനിൽകുമാർ. ടി, സെക്രട്ടറി |
| 2-3 | 56,376 | - | എം. രവീന്ദ്ര, സെക്രട്ടറി |
| 3-3 | - | 85,000 | എം. രവീന്ദ്ര, സെക്രട്ടറി |
| 3-22 | - | 23,104 | ജിഷി. ആർ, അസി.എഞ്ചിനീയർ |
| ആകെ | 27,24,229 | 1,08,104 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 2,36,500 | എം രവീന്ദ്ര.സെക്രട്ടറി |
| 3-2 | 14,48,240 | 4,48,540 /-എം രവീന്ദ്ര.സെക്രട്ടറി<br>9,99,700/-അനിൽകുമാർ.ടി.സെക്രട്ടറി |
| 3-3 | 1,62,000 | എം രവീന്ദ്ര.സെക്രട്ടറി |
| 3-4 | 9,28,205 | 4,91,140 /-എം രവീന്ദ്ര.സെക്രട്ടറി<br>4,37,065 /-<br>ഷിനോജ് മാത്യു ( ഇൻ ചാർജ്ജ്)<br>ഹെഡ് ക്ലർക്ക്. |
| 3-7 | 3,75,000 | ഡോ.അരുണ .എൻ .വി<br>വെറ്ററിനറി സർജൻ |
| 3-10 | 4,62,442 | ഫാറൂക്ക്. എം. കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 42,000 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-12 | 36,873 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-13 | 1,98,191 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-14 | 29,875 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-15 | 1,00,000 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-16 | 48,100 | സുരേന്ദ്രൻ.കെ.ഹെഡ് മാസ്റ്റർ |
| 3-24 | 15,35,000 | ജിഷി ആർ.അസി.എഞ്ചിനീയർ |
| ആകെ | 56,02,426 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഇനം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1) വരുമാന നികുതി | 3-2 | 975 | അനിൽകുമാർ.ടി.സെക്രട്ടറി |
| 2) നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 3-2 | 975 | അനിൽകുമാർ.ടി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ ടി<br>സെക്രട്ടറി | സെക്രട്ടറി, ഒളവണ്ണ ഗ്രാമപഞ്ചായത്ത് | തുരുത്തിയിൽ ഹൗസ്, കുന്നത്തറ പി ഒ, ഉള്ളിയേരി, കോഴിക്കോട് |
| എം രവീന്ദ്ര<br>സെക്രട്ടറി | 31.11.2018 ന് വിരമിച്ചു | എം. എസ് സുവർണ്ണ കോംപൗണ്ട്, മാടത്തൂർ, പി ഒ കയ്യാർ, ഉപ്പള |
| ജിഷി ആർ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, എൽ.എസ്. ജി.ഡി, മധൂർ ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, ജനനി നഗർ, അക്കോളിൽ, കുട്ടിക്കട പി ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | നം. LF/KSD.1/113/94 തിയതി.24-06-96 | 6 |
| 1987-88 to1990-91 | നം. LF/KSD.5/147/03 തിയതി.22-02-03 | 6 |
| 1992-93 to 1995-96 | നം. LF/KSD.4/563/07 തീയ്യതി 08.05.08 | 6 |
| 1996-1997(exp) | നം. LF/KSD.5/557/98 തിയതി.08-01-02 | 12 |
| 1996-1997(final) | നം. LF/KSD.5/317/03 തിയതി.16-11-04 | 1 |
| 1997-1998 | നം. LF/KSD.5/435/03 തിയതി.05-04-05 | 7 |
| 1998-1999 (plan) | നം. LF/KSD..5/381/04 തിയതി.21-07-06 | 12 |
| 2000-2001(plan) | നം. LF/KSD.5/382/04 തിയതി.21-07-06 | 2 |
| 1999-2000 (plan) | നം. LF/KSD.5/383/04 തിയതി.21-07-06 | 6 |
| 2001-2002 (plan) | നം. LF/KSD.5/834/04 തിയതി.21-07-06 | 4 |

| | | |
|---|---|---|
| 1999-2000 & 1995-1996 | നം. LF/KSD.4/563/07 തിയതിd.21-11-07 | 2 |
| 1999-2000 | നം. LF/KSD.4/564/06 തിയതി.02-07-07 | 4 |
| 2000-2001 | നം. LF/KSD.4/565/06 തിയതി.02-07-07 | 8 |
| 1998-1999 | നം. LF/KSD.8/362/05 തിയതി.05-06-07 | 12 |
| 2001-2002 | നം. LF/KSD.4/537/06 തിയതി.23-07-08 | 16 |
| 2002-2003 | നം. LF/KSD.4/636/07 തിയതി.24-08-09 | 29 |
| 2003-2004 | നം. LF/KSD.4/127/08 തിയതി.06-05-10 | 22 |
| 2004-2005 | നം. LF/KSD.4/128/08 തിയതി.15-07-10 | 11 |
| 2005-2006 | നം. LF/KSD.4/129/08 തിയതി.13-05-10 | 10 |
| 2006-2007 | നം. LF/KSD.4/797/09 തിയതി.06-05-10 | 15 |
| 2007-2008 | നം. LF/KSD.3/178/12 തിയതി.14-05-12 | 14 |
| 2008-2009 | നം. LF/KSD.3/179/12 തിയതി.20-12-12 | 15 |
| 2009-10 & 2010-11 | നം. LF/KSD.6/593/13 തിയതി.08-05-14 | 15 |
| 2011-12 & 2012-13 | നം. LF/KSD.8/715/14 തിയതി.03-02-15 | 20 |
| 2013-14 | നം. LF/KSD.8/659/2015 തീയ്യതി. 07.10.2015 | 13 |
| 2014-15 | നം. KSA/KSD.7/734/2016 തീയ്യതി, 19.07.2016 | 15 |
| 2015-16 | നം. KSA/KSD.6/1081/2016 തീയ്യതി, 30.11.2016 | 19 |
| 2016-17 | നം. KSA/KSD.6/680 /2017തീയതി.23.06.2017 | 23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ/കെ.എസ്.ഡി.3/790/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

E-mail:- doksd.ksad@kerala.gov.in
ഫോൺ : 04994-256690.

തീയ്യതി: 11-03-2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ, സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## AUDITCERTIFICATE

No. KSA-KSD-3/790/2018

Kerala State Audit Department,

District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in
Phone : 04994-256690

Dated:11.03.2018.

Certified that, I have audited the Annual Financial Statement of Chemmanad Grama Panchayat in Kasaragod District for the year ended on 31.03.2018, in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chemmanad Grama Panchayat for the year 2017-18, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
District Audit Office, Kasaragod.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| ChemmanadGramaPanchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 64283214.00 |
| Cash | Cash | RP-40(a) | 173374.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2110465.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2000.00 |
| 140000000 | Fees & User Charges | RP-4 | 922665.00 |
| 150000000 | Sale & Hire Charges | RP-5 | 523804.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66810830.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 1089092.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6398276.00 |
| 350000000 | Other Liabilities | RP-36 | 2525254.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 21534.00 |
| 340000000 | Deposits Received | RP-34 | 38389.00 |
| 350000000 | Other Liabilities | RP-36 | 550570.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10002570.00 |
| 460000000 | Loans, Advances and Deposits | RP-47 | 111000.00 |
| | Grand total | | 155563037.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3729937.00 |
| 220000000 | Administrative Expenses | RP-12 | 1402774.00 |
| 230000000 | Operations & Maintenance | RP-13 | 2585726.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9825106.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18101523.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1817780.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 678709.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 804360.00 |
| 255000000 | Maintenance Projects | RP-20 | 14918558.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 77500.00 |
| 280000000 | Prior Period item | RP-26 | -43730.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 39927.00 |
| 350000000 | Other Liabilities | RP-36 | 5632382.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 44854.00 |
| 272000000 | Depreciation | RP-25 | 29875.00 |
| 350000000 | Other Liabilities | RP-36 | 1498669.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 8307027.00 |
| 412000000 | Capital work in Progress | RP-40 | 6163873.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 44520876.00 |
| 460000000 | Loans, Advances and Deposits | RP-47 | 1215173.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33984128.00 |
| Cash | Cash | RP-40(b) | 228010.00 |
| | Grand Total | | 155563037.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

ChemmanadGramaPanchayat
INCOME&EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9724634.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 481890.00 |
| 140000000 | Fee & User Charges | I-4(b) | 1173965.00 |
| 150000000 | Sale & Hire Charges | I-5(b) | 523804.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161998695.00 |
| 171000000 | Interest Earned | I-8 | 1089092.00 |
| 180000000 | Other Income | I-9 | 21534.00 |
| | Total Income | | 175013614.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9392410.00 |
| 220000000 | Administrative Expenses | I-11(b) | 1402774.00 |
| 230000000 | Operations & Maintenance | I-12(b) | 2832726.00 |
| 240000000 | Interest & Finance Charges | I-13 | 44854.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 15332466.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35532890.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1817780.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 678709.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 72533360.00 |
| 255000000 | Maintenance Projects | I-14(e) | 14918558.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 77500.00 |
| 272000000 | Depreciation | I-17(a) | 4516212.00 |
| | Total Expenditure | | 159080239.00 |
| | Gross Surplus/ Deficit of income over Expenditure | | 15933375.00 |
| 280000000 | Prior Period Item | I-18 | -3391282.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 19324657.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| ChemmanadGramaPanchayat BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 78779672.37 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38508767.00 |
| | Total Reserve & Surplus | | 117288439.37 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5383084.00 |
| | Total Grants, Contributions for Specific Purposes | | 5383084.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 687947.00 |
| 350000000 | Other Liabilities | B-9 | 3298915.18 |
| | Total Current Liabilities and Provisions | | 3986862.18 |
| | TOTAL LIABILITIES | | 126658385.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 54097496.00 |
| 411000000 | Accumulated Depreciation | B-11 | -13637034.00 |
| 412000000 | Capital Work in Progress | B-11(a) | 1932244.00 |
| | Total Fixed Assets | | 42392706.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 49047630.55 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34212138.00 |
| 460000000 | Loand, Advances and Deposits | B-18 | 1005911.00 |
| | Total Current Assets, Loans and Advances | | 84265679.55 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 126658385.55 |